13-10-2026

Legislative Business

നിയമനിർമ്മാണ കാര്യം

2026-ലെ കേരളം മുതിർന്ന പൗരന്മമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സംസാരിക്കുന്നുണ്ട്. നിറഞ്ഞ അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ ബിൽ സഭ മുമ്പാകെ അവതരിപ്പിച്ചത്. ഈ ബിൽ പാസാകുന്നതോടുകൂടി മുതിർന്ന പൗരൻമാരുടെ സംരക്ഷണകാര്യത്തിൽ കേരളനിയമസഭ ലോകത്തിന് മാതൃകയായി മാറുകയാണ്. ഞങ്ങൾ വിപുലമായ തയ്യാറെടുപ്പുകൾ നടത്തിയശേഷമാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി മുതിർന്ന പൗരൻമാർക്കായി ഒരു ഡിപ്പാർട്ട്മെന്റ് രൂപീകരിച്ച ആദ്യത്തെ സംസ്ഥാനം കേരളമാണ്. അത് തിരഞ്ഞെടുപ്പ് കാലത്ത് നൽകിയ ഗ്യാരന്റിയാണ്. ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽ തത്വത്തിൽ (In Principle) ഒരു തീരുമാനമെടുത്തു. ആ തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനു വേണ്ടിയുള്ള നിരവധി കാര്യങ്ങൾ തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യുന്നുവെങ്കിലും നമ്മൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം ചർച്ച ചെയ്യപ്പെടാതെ പോയിട്ടുണ്ട്. അത് കേരളത്തിലെ ഡെമോഗ്രാഫിക് ചേയ്ഞ്ചസാണ്. ജനസംഖ്യയിലുണ്ടാകുന്ന

മാറ്റം അത്ഭുതകരമാണ്. ഡെമോഗ്രാഫിക് ഡിവിഡൻഡ് (demographic dividend) എന്ന് അവകാശപ്പെടുന്ന (youngsters-ന്റെ) യുവാക്കളുടെ എണ്ണം ചുരുങ്ങുകയാണ്. അത് പലകാരണങ്ങൾകൊണ്ടാണ്. ജനസംഖ്യയിലുണ്ടായ മാറ്റം, വൈകിയുള്ള വിവാഹങ്ങൾ, കുട്ടികൾ വേണമോ എന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എന്നിവയാണ് പ്രധാന കാരണങ്ങളെന്ന് നമുക്കറിയാം. കുട്ടികളുടെ എണ്ണം കുറയുമ്പോൾ അതനുസരിച്ച് ചെറുപ്പക്കാരുടെ എണ്ണം കുറയുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണവും ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികളുടെ എണ്ണവും നോക്കിയാൽ മാത്രമെ ഈ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

കേരളത്തിൽ ബ്രെയിൻ ഡ്രെയിൻ വർധിക്കുകയാണ്. ചെറുപ്പക്കാരായ വിദ്യാർഥികൾ പഠിക്കാനും മറ്റ് കാര്യങ്ങൾക്കുമായി വലിയ ഗ്രൂപ്പുകളായി കേരളത്തിൽനിന്ന് പുറത്തേക്ക് പോകുകയാണ്. കേരളത്തിലെ ജനസംഖ്യാപരമായ മാറ്റത്തിൽ ചെറുപ്പക്കാരുടെ എണ്ണം ഗണ്യമായി കുറയുകയാണ്. അതേ അവസരത്തിൽ കേരളത്തിൽ ആയുർദൈർഘ്യം വർധിക്കുകയാണ്. ആയുർദൈർഘ്യം വർധിക്കുമ്പോൾ സീനിയർ

സിറ്റിസൺസിന്റെ എണ്ണം ക്രമാതീതമായി ഉയരുകയാണ്. 2036 ആകുമ്പോൾ ഇന്ത്യയുടെ നാഷണൽ ആവറേജിന്റെ ഇരട്ടിയായിരിക്കും കേരളത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നമ്മൾ എപ്പോഴും ഓരോ കാര്യങ്ങൾ പ്ലാൻ ചെയ്യുമ്പോൾ, ഡെമോഗ്രാഫിക് ചേഞ്ചസ്, കേരളത്തിലെ എല്ലാ പ്ലാനിങ്ങിന്റെയും ആസൂത്രണത്തിന്റെയും പ്രധാനഘടകം ഇതായിരിക്കും. വലിയൊരു നമ്പർ സീനിയർ സിറ്റിസൺസായി മാറുമ്പോൾ, രണ്ട് കാര്യങ്ങളാണുള്ളത്. Department of Senior Citizens രൂപീകരിച്ചത് പൂർണ്ണമായൊരു വെൽഫെയർ പ്രോജക്ടാണെന്ന് ആരും തെറ്റിധരിക്കരുത്. അതിന്റെ ഒരു ഘടകം വെൽഫെയറും കെയറുമാണ്. അതിൽ ഒരു സംശയവുമില്ല. അതിന്റെ ഡീറ്റയിൽസാണ് ഈ ബില്ലിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത്. അതിനെക്കാൾ പ്രധാനമായ ഭാഗം, സിൽവർ ഇക്കോണമിയാണ്. അതായത്, അറുപത് വയസ്സ് കഴിഞ്ഞ വലിയൊരു വിഭാഗം ആളുകൾ അവരുടെ ജീവിതപരിചയം, ജ്ഞാനം എന്നിവ നമ്മുടെ സമൂഹത്തിന് ഗുണകരമായ രീതിയിൽ മാറ്റണം. Make them more

constructive and creative എന്നാണ്. ആയുർദൈർഘ്യത്തിൽ കൂടുതൽ വെല്ലുവിളികൾ നേരിടുന്ന രാജ്യങ്ങൾ എങ്ങനെയാണ് ഈ വിഷയത്തെ അപ്രോച്ച് ചെയ്യുന്നുവെന്നതാണ് പ്രധാനം. അതിൽ ഏറ്റവും പ്രധാനപ്പെട്ട രാജ്യമാണ് ജപ്പാൻ. ജനസംഖ്യാ നിരക്ക് കുറയുന്നത് ഏറ്റവും കൂടുതൽ ബാധിച്ച രാജ്യങ്ങളിലൊന്നാണ് ജപ്പാൻ. അവർ അതിനെ സിൽവർ ഇക്കോണമിയാക്കി മാറ്റുകയാണ് ചെയ്തത്. കാരണം, അതുതന്നെ ഇക്കോണമിക്ക് പ്രയോജനപരമായ രീതിയിൽ ക്രിയേറ്റീവാക്കി മാറ്റുകയാണ്. പല വിദേശരാജ്യങ്ങളിലും യൂണിവേഴ്സിറ്റികളിൽനിന്നും അധ്യാപകരെ റിട്ടെയർ ചെയ്യിപ്പിക്കില്ല. വിദേശ യൂണിവേഴ്സികളിൽ റിസർച്ച് ചെയ്യുന്ന അധ്യാപകർ എല്ലാ അഞ്ചുവർഷം കൂടുമ്പോഴും പുതിയ പി.എച്ച്.ഡി. തീസിസ് നൽകുകയാണ്. 60 വയസ്സാകുമ്പോഴേക്കും അവരുടെ സബ്ജക്ടിൽ അവർ വലിയൊരു വിജ്ഞാനഭണ്ഡാരമായി മാറുകയാണ്. ആ സമയത്ത് അവർ റിട്ടെയർ ചെയ്താൽ അത് സ്റ്റേറ്റിന് നഷ്ടമെന്നാണ് ആ രാജ്യങ്ങൾ പറയുന്നത്. അതായത്, അവരുടെ അറിവ് അടുത്ത തലമുറയിലേക്ക് പകർന്നുകൊടുക്കാൻ കഴിയാതെ പോയാൽ സ്റ്റേറ്റിനാണ് ആ നഷ്ടം

സംഭവിക്കുന്നതെന്നാണ് കണക്കുകൂട്ടൽ. നമുക്ക് അങ്ങനെ ചെയ്യാൻ സാധിക്കില്ല, എന്നാൽ റിട്ടെയർ ചെയ്യുന്ന ഈ ആളുകളെ നമുക്ക് പ്രയോജനപ്പെടുത്തണം. നമ്മുടെ സിൽവർ ഇക്കോണമിക്ക് അത് പ്രയോജനം ചെയ്യണം. ഇപ്പോൾ ചെറുപ്പക്കാർ ധാരാളം സംരംഭങ്ങൾ തുടങ്ങുകയാണ്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്ന ചെറുപ്പക്കാരിൽ പലർക്കും technical know how ഇല്ലാത്തതിനാൽ ഈ വിഭാഗത്തിൽനിന്നും ഒരു ടെക്നോ-മെന്ററെ നമുക്ക് കൊടുക്കാം. ചെറിയ ഓണറേറിയം കൊടുത്ത് അദ്ദേഹത്തിന്റെ എക്സ്പെർട്ടൈസ് നമുക്ക് ഉപയോഗിക്കാം. ചെറുപ്പക്കാരായ സംരംഭകർക്ക് മാർക്കറ്റിങിലും മാനേജ്മെന്റിലും പരിചയമില്ലാത്തതിനാൽ മാർക്കറ്റിങിലും മാനേജ്മെന്റിലും പരിചയമുള്ള സീനിയർ സിറ്റിസൺസ് ഗ്രൂപ്പിൽനിന്നും നമുക്ക് ആളെ പ്രൊവൈഡ് ചെയ്യാം. സ്റ്റേറ്റ് ഒരു ഫെസിലിറ്റേറ്ററായി നിന്നുകൊണ്ട് ഇത് ചെയ്യാം. അവരുടെ പരിചയവും അവരുടെ അനുഭവവും നമുക്ക് പ്രയോജനപ്പെടുത്താം. കഴിഞ്ഞ ദിവസം സഭയിൽ നടന്ന ചർച്ചയിൽ കുടുംബശ്രീയെ സംബന്ധിച്ച് പറഞ്ഞു. കുടുംബശ്രീയിലെ സ്ത്രീകളെ മുഴുവനും സ്വയംപര്യാപ്തരാക്കി മാറ്റണമെന്നത്

നമ്മുടെ ഒരു ലക്ഷ്യമാണ്. അതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ അഡ്വൈസ് കൊടുക്കാനും അവർക്കാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നൽകാനുമെല്ലാം സീനിയർ സിറ്റിസൺസിന്റെ പരിചയവും ക്ഷേമവും നമുക്കുപയോഗിക്കാൻ കഴിയും. അതാണ് സിൽവർ ഇക്കോണമി. സംസ്ഥാനത്തിനുവേണ്ടി ഇവരെ പ്രയോജനപ്പെടുത്താൻ സർക്കാർ വിപുലവും നൂതനവുമായ പദ്ധതികൾ/പരിപാടികൾ തയ്യാറാക്കുകയാണ്. അതിനുവേണ്ടി ധാരാളം വേൾഡ് മോഡലുകൾ പരിശോധിച്ചു. ജപ്പാൻ, യു.എസ്., യു.കെ. എന്നീ രാജ്യങ്ങളിലെയെല്ലാം പല മോഡലുകൾ പരിശോധിച്ചു. കേരളത്തിന്റേതായ ഒരു രീതിയിലേക്ക് നമുക്ക് അതിനെ ട്രാൻസിലേറ്റ് ചെയ്യണം.

'കെയർ' ആണ് രണ്ടാമത്തെ ഘടകം. പല വീടുകളിലും കുട്ടികളില്ല, മക്കളില്ല. മക്കളെല്ലാവരും വിദേശത്താണ്. വീടുകളിൽ വൃദ്ധദമ്പതികൾ മാത്രമാണുള്ളത്. ചിലപ്പോൾ ഒരാൾ മാത്രമേ കാണുകയുള്ളൂ. പണമുണ്ടായിട്ടും കാര്യമില്ല, പണമില്ലെങ്കിൽ കുറച്ചുകൂടി ബുദ്ധിമുട്ടാണ്. പാവപ്പെട്ടവരുടെ കാര്യത്തിൽ കുറേക്കൂടി പ്രയാസമാണ്. ഈ കേസിൽ പണമുള്ളവരുടെ

സ്ഥിതിയും വലിയ വ്യത്യാസമില്ല. മക്കൾ പണമയച്ചുകൊടുക്കുന്നുണ്ടെങ്കിലും പല സ്ഥലത്തും നോക്കാൻ ആളില്ല. രാവിലെ ഭക്ഷണം കഴിച്ചോ, ഉച്ചയ്ക്ക് ഊണ് കഴിച്ചോ, മരുന്നുകഴിച്ചോ, ക്ലീൻ ചെയ്തോ എന്നൊക്കെ അന്വേഷിക്കാൻ ആളില്ല. പല വയോജനങ്ങളും സ്ട്രോക്കായി കിടപ്പിലാണ്. വലിയൊരു ഡാറ്റാ ഡ്രൈവ് ആണ് സർക്കാർ നടത്താൻ പോകുന്നത്. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ മുഴുവൻ ഡാറ്റ ശേഖരിക്കും. അതിൽ തളർന്നുകിടക്കുന്ന ആളുകളുടെ, രോഗികളുടെ, ഡിമെൻഷ്യ ബാധിച്ചവരുടെ, കാൻസർ രോഗികളുടെ, പാലിയേറ്റീവ് കെയർ ആവശ്യമുള്ളവരുടെയുൾപ്പെടെ മുഴുവൻ ഡാറ്റയും സർക്കാർ കളക്ട് ചെയ്യും. അയൽക്കൂട്ടം പോലൊരു സംവിധാനം എല്ലാ വാർഡുകളിലുമുണ്ടാക്കുന്നതിനുവേണ്ടി നിലവിലുള്ള സംവിധാനങ്ങളെക്കൂടി കണക്ട് ചെയ്യണം. ഒരാളും ഒറ്റയ്ക്കായി പോകരുത്, ഒറ്റയ്ക്കാണെന്ന തോന്നലുണ്ടാകാൻ പാടില്ല. അതാണ് ഈ ബില്ലിന്റെ യഥാർഥ ലക്ഷ്യം. ഭക്ഷണം കഴിച്ചോ, മരുന്നുകഴിച്ചോ, ക്ലീൻ ചെയ്തോ, പാലിയേറ്റീവ് കെയർ ലഭിക്കേണ്ട ആളാണെങ്കിൽ അത് ലഭിച്ചോ ഇതെല്ലാം അന്വേഷിക്കണം.

ലോക്കൽ ബോഡിയിലുള്ള പാലിയേറ്റീവ് കെയർ സംവിധാനത്തെക്കൂടി ഇതുമായി കണക്ട് ചെയ്യണം. അതിനുവേണ്ടി വലിയൊരു വോളന്റിയർ ക്വാറമുണ്ടാക്കാം. ആരും ഒറ്റയ്ക്കാകരുത്, തനിച്ചാണെന്ന തോന്നൽ പോലുമുണ്ടാകരുത്. അവർക്ക് പ്രൊട്ടക്ഷൻ വേണം. അവർക്കൊരു പ്രിവിലേജ് ഉണ്ടാകണം. സംരക്ഷണവും പരിചരണവുമെല്ലാം അവരുടെ അവകാശം ആണ്. ആ രീതിയിലാണ് അവർക്കിത് കൊടുക്കുന്നത് എന്നതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകത.

യു.കെ., ഓസ്ട്രേലിയ, ജർമ്മനി എന്നീ രാജ്യങ്ങളിൽനിന്നും കെയർഗിവർ കോഴ്സിന്റെ സിലബസ് കൊണ്ടുവന്നിട്ടുണ്ട്. അക്കാഡമിക്കായ ഒരു ടീം അത് പരിശോധിച്ച് സിലബസ് തയ്യാറാക്കുകയാണ്. അടുത്ത വർഷമാകുമ്പോൾ കെയർഗിവർ കോഴ്സ് തുടങ്ങണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. ആ കോഴ്സ് ഗവൺമെന്റ് സെക്ടറിലും പ്രൈവറ്റ് സെക്ടറിലും സംസ്ഥാനത്തുടനീളവും ആരംഭിക്കാം. കെയർഗിവർ സർട്ടിഫിക്കറ്റ് കോഴ്സ് ആറ് മാസം വേണോ ഒരു വർഷം വേണോ എന്നുള്ളത് ആലോചിച്ച് നമുക്ക് തീരുമാനിക്കാം. അതുകഴിഞ്ഞാൽ അവർക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പ്

കൂടി നൽകാം. ഇപ്രകാരം കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്നയാളുകളെ പണമുള്ളവർക്ക് വയ്ക്കാം. അവർ എക്സ്പെർട്ട്സാണ്, വയോജനങ്ങളുടെ പരിചരണത്തിൽ എല്ലാ എക്സ്പെർട്ടൈസുമുള്ള ആളുകളാണ്. പണമുള്ളവർക്ക് അവരെ ഉപയോഗിക്കാം. ഗവൺമെന്റ്, ലോക്കൽ ബോഡി, സി.എസ്.ആർ. സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് പണമില്ലാത്ത ആളുകൾക്കുകൂടി പരിചരണം എത്തിക്കേണ്ടതുണ്ട്, ഒരു വാർഡിൽ പരിചരണം ആവശ്യമുള്ള നാലുപേരുണ്ടെങ്കിൽ ഒരു കെയർഗിവറിനെ അങ്ങോട്ടേയ്ക്ക് വിടുന്നതിന് സാധിക്കും. അദ്ദേഹം അവിടെ പോയി ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം അന്വേഷിക്കും, പാലിയേറ്റീവുമായി കണക്ട് ചെയ്ത് പാലിയേറ്റീവ് നൽകേണ്ട കാര്യങ്ങളുണ്ടെങ്കിൽ അതും ശ്രദ്ധിക്കും. കെയർഗിവർ എന്നത് ധാരാളം ജോലി സാധ്യതയുള്ള കോഴ്സാണ്. കേരളത്തിനുപുറത്തും ധാരാളം ജോലി കിട്ടാൻ സാധ്യതയുള്ള കോഴ്സാണിത്. നഴ്സിന്റെ തൊട്ടുതാഴെയായി അവരുടെ ജോലി നിൽക്കും. ഇത് പുതിയൊരു അവസരം കൂടിയാണ്. അടുത്ത അധ്യയന വർഷമാകുമ്പോഴേക്കും....

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെ കേൾക്കാൻ വളരെ മനോഹരവും നല്ലതുമാണ്. പക്ഷേ ഇപ്പോൾ അങ്ങ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സാമ്പത്തിക നയം, അതായത് അറിവിനെ പേറ്റെന്റ് ചെയ്യണമെന്നും ഗവൺമെന്റ് എല്ലാ സേവനങ്ങളിൽനിന്നും വിത്ത്ഡ്രോ ചെയ്യണമെന്നും പറയുന്ന ഒരു സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ ഈ പറഞ്ഞ അറിവുപയോഗങ്ങളും അതുപോലെ നമ്മൾ അക്യുമുലേറ്റ് ചെയ്തുവരുന്ന പലതരത്തിലുള്ള പരിചയ ഉപയോഗങ്ങളുമൊക്കെ ഈ പറയുന്ന അർഥത്തിൽ നടക്കുമോ അതോ കാൽപനികമായ ഒന്നാണോ എന്നുള്ളത് വളരെ ശ്രദ്ധാപൂർവം നോക്കേണ്ടതുണ്ട്. ഒരുപാട് അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഞാൻ പറയുന്നത്. Joseph Stiglitz's-ന്റെ 'The Road to Freedom' എന്ന പുസ്തകമുണ്ട്. അങ്ങത് വായിച്ചിട്ടുണ്ടാകും. ആ പുസ്തകത്തിൽ ഫിനാൻസ് ക്യാപ്പിറ്റലിന്റെ, ന്യൂലിബറൽ പോളിസിയുടെ തകർച്ചയുടെ കാരണം, യഥാർഥത്തിൽ ഊരുകൂട്ടങ്ങളിലൊക്കെയുള്ള കൊച്ച് അറിവുകൾപോലും ഉപയോഗിക്കാൻ സാധിക്കാതെ വലിയ ഒരു നോളഡ്ജ്

ഇക്കോണമിയിലേക്ക് പോകുന്നു, അങ്ങനെ അറിവ് പേറ്റെന്റ് ചെയ്യപ്പെടുന്ന ഒരു അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് എന്റെ ഒരു സംശയം ഇതാണ്. ഇതെല്ലാം ഉപയോഗിക്കാൻ കഴിയാത്ത ഒരു സാമ്പത്തിക അന്തരീക്ഷത്തിൽ ലോകത്തെ മുതലാളിത്തം മുഴുവൻ തകർന്നുകിടക്കുകയാണ് എന്ന് ധാരാളം പഠനങ്ങൾ വന്നിരിക്കുകയാണ്. ആ പശ്ചാത്തലത്തിൽ സാമ്പത്തിക നയവും ഈ നല്ല ലക്ഷ്യവും പരസ്പരം പൂരകമാകണ്ടേ? അതല്ല എന്നത് എന്റെയൊരു അഭിപ്രായമാണ്. അതുകൊണ്ട് സാമ്പത്തിക നയത്തിലും അതനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ ബിൽ സാർഥകമാകുകയുള്ളൂ എന്നൊരു അഭിപ്രായം രേഖപ്പെടുത്തുകയാണ്. അങ്ങത് വിശദീകരിച്ചാൽ നന്നായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ചുകൊണ്ടിരുന്ന വിഷയവും അങ്ങ് ഉന്നയിച്ച വിഷയവും തമ്മിൽ ഒരു ബന്ധവുമില്ല. ഞാനത് വളരെ വ്യക്തമായി പറയുകയാണ്. ജോസഫ് സ്റ്റിഗ്ലിസ് എന്നുപറയുന്നത് അങ്ങേയ്ക്ക് ഇഷ്ടപ്പെട്ട ഒരു എഴുത്തുകാരനാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ

പുസ്തകം വന്നപ്പോൾ മുതൽ, അങ്ങ് ഇവിടെ അസംബ്ലിയിലുള്ളപ്പോൾ മുതൽ ആ പുസ്തകം ക്വാട്ട് ചെയ്യുന്നതാണ്. അദ്ദേഹം എനിക്കും ഇഷ്ടപ്പെട്ട എഴുത്തുകാരനാണ്. ഇവിടെ എന്താണ്; ഇവിടെ സ്റ്റേറ്റിന്റെ ഇന്റർവെൻഷനാണ്. സ്റ്റേറ്റാണ് ഇത് ഇനിഷ്യേറ്റീവ് ചെയ്യുന്നത്. ലോക്കൽ ബോഡിയുൾപ്പെടെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ടാണ് സ്റ്റേറ്റ് ഇത് ചെയ്യുന്നത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ,.....

ശ്രീ. വി. ഡി. സതീശൻ: പ്ലീസ്....പ്ലീസ്...അങ്ങ് അല്ലെങ്കിൽ തന്നെ എന്റെ ഫ്ലോ കളഞ്ഞു. ഞാൻ സംസാരിച്ചുകൊണ്ടിരുന്ന വിഷയത്തിൽനിന്നും വളരെ മാറിയ ഒരു കാര്യമാണ് അങ്ങ് ഉന്നയിക്കുന്നത്. അത് സാമ്പത്തികമായുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ചർച്ച ചെയ്യാം.

മി. സ്പീക്കർ: മുഖ്യമന്ത്രി സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു സാമ്പത്തിക നയത്തിലും ഒരു മാറ്റവും ഈ ഗവൺമെന്റിനില്ല. I have made it very clear. ഒരു പ്രൈവറ്റൈസേഷനായും സർക്കാർ പോകുന്നില്ല. എവിടെ നിന്നാണ് ഈ

ഗവൺമെന്റ് പിന്മാറിയിട്ടുള്ളത്. ഒരു സ്ഥലത്തുനിന്നും ഗവൺമെന്റ് പിന്മാറിയിട്ടില്ല. ചില സ്ഥലത്ത് പണമില്ല, ഉദാഹരണത്തിന് ടൂറിസം, ഇൻഫ്രാസ്ട്രക്ചർ, ഇൻവെസ്റ്റ്മെന്റ്, ഭരണം തുടങ്ങിയവയിലെല്ലാം ഗവൺമെന്റ് ഫെസിലിറ്റേറ്ററായി നിൽക്കും. പല സ്ഥലത്തും നിൽക്കും. ആളുകളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള കെയർഗിവർ കോഴ്സിനെപ്പറ്റിയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഇനിഷ്യേറ്റീവെടുത്ത്, ഗവൺമെന്റ് തന്നെ പറയുന്ന സിലബസ് കൊണ്ടുവന്ന് ധാരാളം തൊഴിലവസരങ്ങളുണ്ടാക്കുകയാണ്, വയോജനങ്ങളെ സംരക്ഷിക്കാനുള്ള ആളുകളുമുണ്ടാകുകയാണ്. ഭാവിയിലേക്കാണ് ഇത് ചെയ്യുന്നതെങ്കിലും ഇപ്പോൾ തന്നെ ഇത് ആവശ്യമാണ്. ഓരോ വർഷം കഴിയുന്തോറും അത് കൂടിക്കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ കിൻഡർഗാർട്ടനിൽ പഠിക്കുന്ന കുട്ടികൾ നൂറുവയസ് മറികടക്കും. അവരുടെ ലൈഫ് എക്സ്പെക്ടൻസി അനുസരിച്ച് അവർ 100 വയസ് ക്രോസ് ചെയ്യും. അതനുസരിച്ചുള്ള പ്ലാനിങ്ങാണ് സർക്കാർ നടത്തുന്നത്. 'Care and Protection of Right എന്നതാണ് ഇതിന്റെ കമ്പോണന്റ്. അമേരിക്കയിൽ

2010-ലെ Elder Justice Act-ഉം യു.കെ.-യിൽ 2010-ലെ Equality Act-ഉം ഉണ്ട്. കൂടാതെ ആസ്ട്രേലിയിലും ഒരു ആക്ടുണ്ട്. വിയന്ന, ന്യൂയോർക്ക് എന്നീ രാജ്യങ്ങളിൽ ഇന്റർനാഷണൽ കൺവെൻഷൻസ് നടന്നിട്ടുണ്ട്. ലോകരാജ്യങ്ങളിലും അഡ്വാൻസ്ഡായിട്ടുള്ള രാജ്യങ്ങളിലും നടക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വളരെ വിശദമായി പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിൽ കേരളത്തിന്റെ പശ്ചാത്തലത്തിൽ അതിനെ നിയമനിർമ്മാണമാക്കി മാറ്റുകയാണ്. ഇപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റ് ഓഫ്....

ശ്രീ. ജി. സുധാകരൻ: സർ, ഭരണഘടനയുടെ നിർദേശക തത്വങ്ങളിൽ (Directive Principles of State Policy) സ്ത്രീകൾ, വയോജനങ്ങൾ, തൊഴിലില്ലാത്തവർ തുടങ്ങി മുൻഗണന നൽകേണ്ട ജനവിഭാഗങ്ങളെക്കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1980-ൽ ഇ. കെ. നായനാർ സർക്കാർ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയത്. രാജ്യത്ത് മുതലാളിത്തം നിലനിൽക്കുന്നതുകൊണ്ട് സാമൂഹിക പരിഷ്കരണങ്ങൾ പാടില്ലായെന്ന് പറഞ്ഞാൽ പിന്നെ കമ്മ്യൂണിസ്റ്റുകാർ

തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനെ പാടില്ല. അന്ന് അങ്ങനെയൊന്നും തീരുമാനമേയില്ല. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഇത്തരക്കാർക്ക് പ്രത്യേക പരിഗണന നൽകണമെന്ന് പറയുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയിട്ടും. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ പറഞ്ഞിരിക്കുന്നതാണ്. നിർദ്ദേശക തത്വങ്ങളിൽ നമ്മൾ ഏറ്റവും കൂടുതൽ കെയർ കൊടുക്കേണ്ട കാര്യമാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് അത് പറഞ്ഞപ്പോഴാണ് ഞാൻ ഓർത്തത്, ഒരു സൊസൈറ്റി സിവിലൈസ്ഡ് ആണോ അല്ലയോ എന്ന് പരിശോധിക്കുന്നതിന്റെ അളവുകോൽ എന്താണ്? ഞാൻ കരുതുന്നത് ഒരു സൊസൈറ്റി അവിടത്തെ മുതിർന്ന പൗരന്മാരോട് എങ്ങനെ പെരുമാറുന്നു എന്നതായിരിക്കണം ആ സൊസൈറ്റി സിവിലൈസ്ഡ് ആണോ അല്ലയോ എന്ന് പരിശോധിക്കുന്നതിന്റെ അളവുകോൽ. ഈ ബിൽ ഞാൻ അവതരിപ്പിക്കുന്ന അവസരത്തിൽ എന്റെ മനസ്സിൽ എന്റെ മാതാപിതാക്കളുടെ മുഖമുണ്ട്. നിങ്ങളുടെ എല്ലാവരുടെയും മനസ്സിൽ നിങ്ങളുടെ

മാതാപിതാക്കളുടെയും ഗ്രാന്റ്പാരന്റ്സിന്റെയും ഗ്രേറ്റ് ഗ്രാന്റ്പാരന്റ്സിന്റെയും മുഖമുണ്ട്. നമ്മൾ തലമുറകളിൽനിന്നും തലമുറകളിലേയ്ക്ക് വന്നവരാണ്. നമ്മൾ അവരെയൊന്നും മറന്നുപോകേണ്ടവരല്ല, മറിച്ച് അവരെ ചേർത്തുപിടിക്കേണ്ടവരാണ്. ഇന്ന് മാതാപിതാക്കളെ കന്യാകുമാരിയിലും ഗുരുവായൂരിലും കൊണ്ടുപോയി നടതള്ളുകയാണ്. പല സംസ്ഥാനങ്ങളിലും ചെറിയ മാനസിക പ്രശ്നങ്ങളുള്ള മാതാപിതാക്കളെ മക്കൾ ട്രെയിനിൽ കയറ്റിയിരുത്തിയശേഷം തിരികെ പോകുകയാണ്. നിങ്ങൾ എറണാകുളത്തെയും തിരുവനന്തപുരത്തെയും പോലീസിനോട് അന്വേഷിച്ച് നോക്കുക. ആ ട്രെയിനിൽ ഏതോ ഒരു സ്ഥലത്ത് അവർ എത്തിച്ചേരുന്നു. അവർക്ക് ഭാഗ്യമുണ്ടെങ്കിൽ മക്കൾ രണ്ട് ദിവസത്തെ ഭക്ഷണപ്പൊതിക്കൂടി കൊടുത്തുവിടും. ചിലർ ഭക്ഷണം പോലും കഴിക്കാതെ തിരുവനന്തപുരത്തും എറണാകുളത്തും വന്നിറങ്ങി അനാഥരാകുകയാണ്. സുഖമില്ലാത്ത മാതാപിതാക്കളെ മക്കളാണ് ഇങ്ങനെ കയറ്റി വിടുന്നത്. നിങ്ങൾ കന്യാകുമാരിയിലും ഗുരുവായൂരിലും പോയാൽ ഇങ്ങനെ മക്കൾ കൊണ്ടുപോയി നടതള്ളിയ ആളുകകളെ കാണാം.

ഓർമ്മയില്ലാത്തതുകാരണം അവർക്ക് തിരികെ വീട്ടിലേക്ക് പോകാൻ സാധിക്കുന്നില്ല. എവിടെയാണ് വീടെന്ന് പോലീസ് ചോദിച്ചാൽ അവർക്ക് അതിന് മറുപടി നൽകാൻ സാധിക്കുന്നില്ല. അങ്ങനെയുള്ളൊരു കാലത്തിലേക്ക് നമ്മൾ പോകുമ്പോൾ, അങ്ങനെയല്ല ചെയ്യേണ്ടത് അവരെ ഹൃദയത്തോട് ചേർത്തുപിടിക്കുകയാണ് വേണ്ടതെന്ന വലിയൊരു സന്ദേശമാണ് ഈ ബില്ലിലൂടെ സർക്കാർ നൽകാൻ പോകുന്നത്. ഇതുസംബന്ധിച്ച് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ ബില്ലിന്റെ ലക്ഷ്യത്തെക്കുറിച്ചാണ് ഞാൻ ഏറ്റവും കൂടുതൽ ഇവിടെ സംസാരിച്ചത്.

ബില്ലിലെ ഡെഫനിഷൻ ക്ലോസ് കഴിഞ്ഞാൽ ചാപ്റ്റർ II-ൽ വരുന്നത് General Principles and Rights of Senior Citizens ആണ്. അതിൽ, Principle of right to dignity and respect, Principle of best interest, Principle of 'ageing in place' and home based care, വീട്ടിലും അവർ താമസിക്കുന്ന സ്ഥലത്തും പ്രായമായവരെ എങ്ങനെയാണ് സംരക്ഷിക്കേണ്ടതെന്ന് പറഞ്ഞിട്ടുണ്ട്. Principle of safety, security and social care ecosystem, അതിനെക്കുറിച്ച് നമ്മൾ വിശദമായി പറഞ്ഞിട്ടുണ്ട്.

അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് നമ്മൾ പറഞ്ഞിട്ടുണ്ട്. Principle of participation, അവരുടെ പങ്കാളിത്തം എങ്ങനെ വിപുലമാക്കിയെടുക്കാം, Rights of senior citizens എന്നിവയെക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. Rights of senior citizens-ൽ Priority protection for senior citizen women എന്നത് ഒരു ഘടകമാണ്; Right to access care എന്നത് അവരുടെ അവകാശമാണ്. ഇത് ആദ്യമായാണ് കൊണ്ടുവരുന്നത്. Right to safe public spaces, അവർക്ക് പൊതുഇടങ്ങളിൽ പോകാൻ പകൽവീടുകൾ ഉൾപ്പെടെയുള്ള കൂട്ടായ്മകൾ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. അത്തരം കൂട്ടായ്മകൾ ആത്മവിശ്വാസവും തങ്ങൾ ഒറ്റയ്ക്കല്ലെന്ന തോന്നലും അവരിൽ ഉണ്ടാക്കും. രാത്രി ഉറങ്ങാൻ കിടന്നാലും നാളെ രാവിലെ പകൽവീടുകളിൽ പോയി എല്ലാവരുമായും സംസാരിക്കാനും സമയം ചെലവഴിക്കാനും കഴിയുമെന്ന വിശ്വാസം മുതിർന്ന പൗരന്മാരിൽ ഉണ്ടാക്കാൻ സാധിക്കണം. വാർഡ് തലത്തിലുള്ള കൂട്ടായ്മകളും വോളന്റിയർ ക്യാറവും രൂപീകരിച്ചാൽ എല്ലാ വാർഡുകളിലും അവർക്ക് ഇരിക്കാനുള്ള ഒരു പൊതുഇടം നമുക്ക് ഒരുക്കിക്കൊടുക്കാൻ സാധിക്കും; Right to digital inclusion and safety,

മുതിർന്ന പൗരന്മാർക്ക് ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കാനുള്ള സഹായങ്ങൾ അത്തരം സ്ഥലങ്ങളിൽ ചെയ്തുകൊടുക്കാൻ സാധിക്കും; Right to legal aid – ഗവൺമെന്റും ബന്ധപ്പെട്ട ഏജൻസികൾക്കും അവർക്കാവശ്യമായ ലീഗൽ എയ്ഡ് നൽകാനുള്ള അവകാശം; Right to access dignity-preserving products, അതായത് ശ്രവണസഹായികൾ, കണ്ണടകൾ, വാക്കിങ് സ്റ്റിക്ക് തുടങ്ങിയ വിവിധ മൊബിലിറ്റി എയ്ഡുകൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ; Reporting of abuse and protection of reporting persons എന്നീ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഒരു സംവിധാനമുണ്ട്. കൂടാതെ ജില്ലാതലത്തിൽ ഒരു സൂപ്പർവൈസറി സംവിധാനവും ഒരു എക്സിക്യൂഷൻ സംവിധാനവുമുണ്ട്. നിലവിൽ ഇവരെ പരിചരിക്കുന്ന കേന്ദ്രങ്ങൾക്ക് യാതൊരുവിധ പരിശോധനകളുമില്ല. അതിനുള്ള കൃത്യമായ സർട്ടിഫിക്കേഷൻ, അവിടെ അവരെ എങ്ങനെയാണ് പരിചരിക്കേണ്ടത്, എന്തെല്ലാം മിനിമം സൗകര്യങ്ങളാണ് അവർക്ക് ലഭ്യമാക്കേണ്ടത്, ഏതെല്ലാം തരത്തിലാണ് അവരെ പരിചരിക്കേണ്ടത്, പരിചരിക്കപ്പെടേണ്ട സ്ഥാപനങ്ങളിൽ

ആവശ്യമായ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ലൈസൻസിങ് സിസ്റ്റം എന്നിവ ആവശ്യമാണ്. കേരളത്തിൽ ഇത്തരത്തിലുള്ള കൂടുതൽ സ്ഥാപനങ്ങൾ വരും, ഇപ്പോഴും വന്നുകൊണ്ടിരിക്കുകയുമാണ്. പരിചയമുള്ള ബിൽഡർമാർ വരെ ഈ സെക്ടറിലേക്ക് മാറിയിട്ടുണ്ട്. കേരളത്തിൽ 'ഓൾഡ് ഏജ് ഹോം' എന്ന പേരിൽ പലയിടത്തും ഇത്തരം സ്ഥാപനങ്ങൾ വലിയ തോതിൽ വന്നുകൊണ്ടിരിക്കുന്നത്. എന്നാൽ അവയെല്ലാം പണമുള്ളവർക്കുവേണ്ടി മാത്രമാണ് വരുന്നത്. അങ്ങനെ ഇൻവെസ്റ്റ്മെന്റുമായി വരുന്ന പലരോടും ഞാൻ ചോദിച്ചു, നിങ്ങൾ നൂറ് പേർക്ക് സൗകര്യമൊരുക്കുമ്പോൾ അതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 25 ശതമാനം ആളുകൾക്കുകൂടി ആവശ്യമായ സൗകര്യങ്ങൾ പ്രൊവൈഡ് ചെയ്യാൻ സാധിക്കുമോയെന്ന്. അതിൽ ഒരാൾ 20 പേർക്ക് സഹായം നൽകാൻ സമ്മതിച്ചു, രണ്ടുപേർ 25 പേർക്കുവീതം സൗകര്യങ്ങൾ പ്രൊവൈഡ് ചെയ്യാമെന്നും പറഞ്ഞു. അങ്ങനെ ഇൻവെസ്റ്റ് ചെയ്യപ്പെടുന്ന ഓൾഡ് ഏജ് ഹോമുകളിൽ യാതൊരു നിവൃത്തിയുമില്ലാത്ത, സാധാരണക്കാരായ ആളുകളെക്കൂടി സംരക്ഷിക്കാനുള്ള ഒരു സംവിധാനം

വേണം. സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുള്ള സംരംഭങ്ങൾകൂടി ഇതിനോടൊപ്പം ചെയ്യാൻ സാധിക്കും. ഞാൻ ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പരിചരണം നൽകുന്ന ആളുകൾക്കും കേന്ദ്രങ്ങൾക്കും ആവശ്യമായ വൈദഗ്ധ്യവും മറ്റ് കാര്യങ്ങളുമുണ്ടാകണം.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞിട്ടുള്ളതിൽ കുറച്ച് കാര്യങ്ങളുണ്ട്. ലീഗലായിട്ടുള്ള കാര്യങ്ങൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. കാരണം, വസ്തുവകകളെല്ലാം നേരത്തെതന്നെ മക്കൾക്ക് കൊടുക്കുകയും പിന്നീട് മക്കൾ അവരെ സംരക്ഷിക്കാത്തതുമായ സാഹചര്യമുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം.

ശ്രീ. വി. ഡി. സതീശൻ: ഇതുമായി ബന്ധപ്പെട്ട് ഒരു സെൻട്രൽ ആക്ട് ഉണ്ട്. പ്രസ്തുത ആക്ടിൽ ഇല്ലാത്ത കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ് അങ്ങ് സൂചിപ്പിച്ചത്. ഈ ബില്ലിൽ ' Right to legal aid' ഉൾപ്പെടുത്തിയിട്ടുണ്ട്.

അങ്ങ് സൂചിപ്പിച്ചതുപോലെ സ്വത്തെല്ലാം എഴുതിവാങ്ങിയശേഷം മക്കൾ മാതാപിതാക്കളെ ഉപേക്ഷിക്കുന്ന നിരവധി കേസുകൾ ഉണ്ട്. സെക്രട്ടേറിയറ്റിന് സമീപം ഞാൻ ആഴ്ചയിൽ രണ്ടുമൂന്ന് ദിവസം പ്രായമുള്ളവരെയും ഭിന്നശേഷിക്കാരെയും കാണാറുണ്ട്. നിങ്ങൾ ഇടയ്ക്കുവിടെ വന്ന് നോക്കണം. മക്കൾ തിരിഞ്ഞു നോക്കാത്ത പല കേസുകളുമുണ്ട്. അങ്ങ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. സ്വത്തെല്ലാം എഴുതിവാങ്ങിയശേഷം മാതാപിതാക്കളെ നോക്കാത്ത അവസ്ഥയുണ്ട്. ചില മക്കൾ മാതാപിതാക്കളെ വീട്ടിൽനിന്നും പുറത്താക്കിയിരിക്കുകയാണ്. ബസ് സ്റ്റാൻഡുകളിലും മറ്റു സ്ഥലങ്ങളിലും പോയി കിടക്കേണ്ടിവരുന്ന മാതാപിതാക്കൾ ഉൾപ്പെടെ ഇവർക്കിടയിലുണ്ട്. അതിനൊരു പ്രൊവിഷൻ കേന്ദ്ര നിയമത്തിലുണ്ട്. അതിന്റെ ഇംപ്ലിമെന്റേഷനിൽ ചില പ്രശ്നങ്ങളുണ്ട്. ഞങ്ങൾ ആ നിയമം പരിശോധിച്ചു. അതിലെ കുറവുകൾകൂടി ഈ നിയമത്തിൽ ചേർക്കണം. കൂടുതൽ എന്തെങ്കിലും ചേർക്കണമെങ്കിൽ ബിൽ വരുന്ന സമയത്ത് അമെന്റ്മെന്റായി കൊണ്ടുവരാം. അംഗങ്ങൾ എല്ലാവരും സഹകരിച്ചാൽ നമുക്ക് ഏറ്റവും മനോഹരമായ ഒരു ആക്ടായി ഇതിനെ

മാറ്റാൻ സാധിക്കുന്നതാണ്. ഇത് വളരെ ഓപ്പണാണ്. എന്ത് സംശയങ്ങളുണ്ടെങ്കിലും തീർത്ത്, അംഗങ്ങളുടെ നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി ഈ ആക്ട് ഏറ്റവും മികച്ചതാക്കി മാറ്റുകയാണ് വേണ്ടത്. ഇത് ഒരു ഡ്രാഫ്റ്റ് ബില്ലായിട്ടാണ് അവതരിപ്പിക്കുന്നത്. അതിൽ പൂർണ്ണതയുള്ളതാകാൻ ഈ ബില്ലിന്മേൽ ഗൗരവകരമായ ഒരു ചർച്ച ഉണ്ടാകണം. എല്ലാപേരുടെയും മനസ്സിൽ ഈ ചുറ്റുപാടും നമ്മുടെ മാതാപിതാക്കളുടെയും ഗ്രാന്റ്പാരന്റ്സിന്റെയും മുഖമുണ്ട്. ജനപ്രതിനിധികൾ എന്ന നിലയിൽ സമൂഹത്തിൽ പാവപ്പെട്ടവരുടെ സങ്കടങ്ങൾ കാണുന്നത് നമ്മളല്ലേ; യഥാർഥത്തിൽ നമ്മളെക്കാൾ കൂടുതൽ അവരുടെ സങ്കടങ്ങൾ അറിയാവുന്നത് മറ്റാർക്കാണ്; ഈ ഫീൽഡിലുള്ള ആളുകളെക്കാൾ കൂടുതൽ കാര്യങ്ങൾ നമുക്കറിയാം. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി സൂചിപ്പിച്ചതുപോലെ, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കെടുക്കുമ്പോഴും സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ച് സഭയിൽ വരുമ്പോഴാണെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ ഓരോ ആംഗിളും പരിശോധിച്ച് രാജ്യത്തിനും ലോകത്തിനും എല്ലാ സംസ്ഥാനങ്ങൾക്കും മോഡലാകുന്ന തരത്തിൽ ഈ

ബിൽ കൊണ്ടുവരണം. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കേരളത്തിൽ പോലീസ് ആക്ടുണ്ടാക്കിയത്. ഞാനും ബഹുമാനപ്പെട്ട സ്പീക്കറും അന്നത്തെ പ്രതിപക്ഷ അംഗങ്ങളായിരുന്നു. ആ ബിൽ കൊണ്ടുവരുന്നതിൽ ഞങ്ങൾ വലിയ പങ്കാളിത്തം വഹിച്ചതാണ്. ആ പോലീസ് ആക്ട് ഇന്ന് മോഡലാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും കേരളത്തിലെ പോലീസ് ആക്ട് മോഡലാക്കിയാണ് ചെയ്യുന്നത്. അതുപോലെ രാജ്യത്തിന് മാതൃകയാകുന്ന ഏറ്റവും നല്ല പെർഫക്ട് ആക്ടാക്കി ഈ ആക്ടിനെയും നമുക്ക് മാറ്റണം. അതിന് നിങ്ങളുടെ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. ശ്രീ. വി. ജോയി പറഞ്ഞ കാര്യം ഞാൻ ഒന്നുകൂടി പരിശോധിക്കും. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അതുകൂടി നമുക്ക് ചെയ്യാൻ കഴിയും. ഇത്തരം കാര്യങ്ങളാണ് ഈ ബില്ലിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. സഭ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ അതിനൊരു റോഡ്മാപ്പും ടൈംഫ്രെയിമും ഉണ്ടാകും. ഭരണപരമായ സംവിധാനങ്ങൾ ഏകദേശം ജില്ലാതലംവരെ ആയിട്ടുണ്ട്. ഓരോ ജില്ലയുടെയും ഉത്തരവാദിത്വം കെ.എ.എസ്.

ഓഫീസർമാർക്ക് നൽകിക്കൊണ്ടാണ് ചെയ്യുന്നത്. ലോക്കൽ ബോഡികളുമായിക്കൂടി കൂടിയാലോചന നടത്തിയശേഷം നമ്മൾ ആഗ്രഹിക്കുന്ന മുഴുവൻ കാര്യങ്ങളും സമയബന്ധിതമായി ചെയ്തുതീർക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. എല്ലാവരുടെയും പൂർണ്ണമായ സഹകരണവും നല്ല ചർച്ചയും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ഇതുപോലെ മോഡലായ ഒരു ബിൽ കേരളത്തിലെ വയോജനങ്ങൾക്കുവേണ്ടി അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ സമയം വിനിയോഗിക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, '2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി 10-01-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച '2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും)

ബിൽ', കേരളത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്ന ഒരു ബില്ലായി മാറും എന്നാണ് എന്റെയും അഭിപ്രായം. ബില്ലിനുള്ളിലെ പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. എങ്കിലും ഞങ്ങളെ സംബന്ധിച്ച് കുറെ നിർദേശങ്ങളാണ് ഇതിൽ വയ്ക്കാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, ആരും സഹായിക്കാനില്ലാതെയും സഹായം കൊടുക്കാനില്ലാതെയും ഇപ്പോഴും അനാഥരെപ്പോലെ ജീവിക്കുന്ന വൃദ്ധരായ ആളുകളുടെ ഒരു സമൂഹം നമ്മുടെ കേരളത്തിലുണ്ട്. ഈ ബിൽ പ്രാബല്യത്തിൽ വന്നാൽ അവർക്ക് പൂർണ്ണമായ പ്രൊട്ടക്ഷൻ ഉണ്ടാകുമെന്നതാണ് ഏറ്റവും പ്രയോജനകരമായ കാര്യം. നമ്മുടെ നാട്ടിൽ പലതരത്തിലുള്ള ആളുകളുണ്ട്. നാലുവർഷം കഴിയുമ്പോൾ ഞാനും മുതിർന്ന പൗരന്മാരുടെ ലിസ്റ്റിൽപ്പെടുകയും ഈ ബില്ലിന്റെ ഭാഗമാകുകയുമാണ്. അതിനാൽ ഈ ബിൽ വരുന്നതിൽ എനിക്കും അതിയായ സന്തോഷമുണ്ട്. നമ്മുടെ നാട്ടിൽ വീടുകൾ പലതും ഒഴിഞ്ഞുകിടക്കുന്നു. അതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ അവർക്ക് പ്രായമായതുകൊണ്ട് അവിടെ ഒറ്റയ്ക്ക്

താമസിക്കാൻ മടിയാണ് അല്ലെങ്കിൽ സുരക്ഷിതത്വമില്ല, കള്ളന്മാരുടെ ശല്യം അല്ലെങ്കിൽ ആശുപത്രിയിൽ പോകേണ്ടതായിവന്നാൽ അവിടെ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയുള്ളതുകൊണ്ട് പണമുള്ള ആളുകൾ പെയ്ഡഡ് ആയ താമസസൗകര്യങ്ങളിലേക്ക് മാറുകയാണ്. ഇപ്പോൾ ഒട്ടനവധി സ്ഥാപനങ്ങൾ അത്തരത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടോപ്പ് ലെവലിലുള്ള ഒട്ടനവധി പെയ്ഡഡ് സ്ഥാപനങ്ങളുണ്ട്. അവർ ആവശ്യപ്പെടുന്ന ഒരു നിശ്ചിത തുക ഡെപ്പോസിറ്റായി അടയ്ക്കണം. തുടർന്ന് മാസംതോറും പണം അടയ്ക്കണം. പ്രായമായവർക്ക് അവിടെ സുഖമായി ജീവിക്കാം, ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്, രാവിലെ പ്രഷർ, ഷുഗർ എന്നിവ പരിശോധിക്കും. ഇത്തരത്തിൽ സംവിധാനങ്ങളുള്ള കുറെ സ്ഥാപനങ്ങളുണ്ട്. എന്നാൽ പണം കൊടുത്ത് എല്ലാവർക്കും ഇത്തരം സേവനങ്ങൾ വാങ്ങാൻ സാധിക്കില്ലല്ലോ; അതിനുപകരമായി ചില സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുണ്ട്. അത് ചിലപ്പോൾ സിസ്റ്റർമാർ നടത്തുന്നതായിരിക്കും. എറണാകുളത്ത് ശ്രീ. ടി. ജെ. വിനോദിന്റെ നിയോജകമണ്ഡലത്തിലെ എസ്.ഡി. കോൺവെന്റ്, ഹൗസ് ഓഫ്

പ്രൊവിഡൻസ് ഇവയെല്ലാം എറണാകുളം സിറ്റിക്കകത്ത് നടത്തുന്ന സ്ഥാപനങ്ങളാണ്. എനിക്കും ഇവയെല്ലാം അറിയാവുന്നവയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കിഴക്കമ്പലത്ത് ഇതുപോലെ പ്രൊവിഡൻസ് ഹോം എന്നൊരു സ്ഥാപനമുണ്ട്. പ്രായം ചെന്ന ആളുകളെ മാത്രമല്ല, കൈയും കാലുമില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളെ പരിചരിക്കുന്ന, സിസ്റ്റർമാർ നടത്തുന്ന ഒരു സ്ഥാപനമാണ് കിഴക്കമ്പലത്തെ വിലങ്ങിൽ സ്ഥിതി ചെയ്യുന്ന പ്രൊവിഡൻസ് ഹോം. എന്നാൽ ഇവിടെയൊന്നും പോകാൻ സാധിക്കാത്ത നൂറുകണക്കിന് ആളുകളുണ്ട്. പ്രായംചെന്ന മാതാപിതാക്കളിൽനിന്നും സ്വത്തെല്ലാം എഴുതിവാങ്ങിയതിനുശേഷം മക്കൾ അവരെ പുറത്താക്കുന്നതിനെക്കുറിച്ച് ശ്രീ. വി. ജോയി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ ഓഫീസിൽ കഴിഞ്ഞ ആഴ്ച ഇതുപോലൊരു പരാതിയുമായി ഒരാൾ വന്നിരുന്നു. മക്കളോടുള്ള അമിതമായ ഇഷ്ടംകൊണ്ട് അവർക്ക് പരാതിപ്പെടാൻ മടിയാണ്. 'സ്വത്തെല്ലാം എഴുതിവാങ്ങിയശേഷം മക്കൾ പുറത്താക്കിയെന്ന് പറഞ്ഞ് പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാമോ' എന്ന് ഞാൻ അവരോട് ചോദിച്ചപ്പോൾ, 'പോലീസ്

സ്റ്റേഷനിലേക്ക് പോകാൻ മടിയാണ് എന്നാണ് അവർ പറഞ്ഞത്. മക്കളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുന്നതിനോട് അവർക്ക് താൽപര്യമില്ല. മക്കളെ അവർ അത്രമാത്രം സ്നേഹിക്കുന്നുണ്ടെങ്കിലും ഭാര്യയും കുട്ടികളുമായിക്കഴിയുമ്പോൾ, മക്കൾ ഈ സ്നേഹം തിരിച്ചറിയാതെ, ഒരുപക്ഷെ ആരുടെയെങ്കിലും നിർബന്ധപ്രകാരം അച്ഛനെയും അമ്മയെയും ഒഴിവാക്കുന്ന രീതി നമ്മുടെ നാട്ടിൽ നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര നിയമം ഉണ്ടെങ്കിൽപ്പോലും, സ്വന്തം മക്കളോടുള്ള ഇഷ്ടംകൊണ്ട് രക്ഷിതാക്കൾ പരാതികൊടുക്കാനോ കോടതിയിൽ കേസ് കൊടുക്കാനോ മടിക്കുകയാണ്. ഒരോ വാർഡിലും ഇതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പാട് ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഒരു വാർഡിൽ എത്ര വയോജനങ്ങളുണ്ടെന്നതിന്റെ കണക്കെടുക്കുകയാണ്. എല്ലാവരെയും ഒരുപോലെ കാണേണ്ടതില്ല. അറുപത് വയസ്സ് കഴിഞ്ഞവരും എഴുപത് വയസ്സ് കഴിഞ്ഞവരും എഴുപത്തഞ്ച് വയസ്സ് കഴിഞ്ഞവരുമൊക്കെ അത്യാവശ്യം ആരോഗ്യത്തോടുകൂടി ഓടി നടക്കും. മക്കൾ ഒഴിവാക്കിയാലും അവർക്ക് സ്വന്തം കപ്പാസിറ്റിയിൽ ആശുപത്രിയിൽ പോകാനും

ട്രഷറിയിൽ പോയി പെൻഷൻ വാങ്ങാനും അവരുടെ സ്വന്തം കാര്യങ്ങൾ നടത്താനും സാധിക്കും. എൺപത് വയസ്സിനുമുകളിലുള്ള ആളുകൾക്കാണ് കൂടുതൽ പരിചരണം ആവശ്യമായിട്ടുള്ളത്. ദീർഘായുസ് എന്നത് അവർക്ക് ദൈവം കൊടുക്കുന്ന ഒന്നാണ്. എൺപത് വയസ്സ് കഴിഞ്ഞ വയോജനങ്ങളെ ഒരു പ്രത്യേക കാറ്റഗറിയിൽ ഉൾപ്പെടുത്തണം കാരണം അവർക്കാണ് കൂടുതൽ പരിചരണം ആവശ്യമായി വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു വാർഡിൽ പരിചരണം ആവശ്യമുള്ള എത്രപേർ ഉണ്ടെന്ന് ഐഡന്റിഫൈ ചെയ്ത് അവരെ പരിചരിക്കാൻവേണ്ടി ആശാ വർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്താം. ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. കുടുംബശ്രീയുടെ ആളുകളടക്കമുള്ള മൂന്നുനാല് പേരുടെ ടീമുണ്ടെങ്കിൽ.... ഒരു വാർഡിൽ പരിചരണം ആവശ്യമുള്ള അധികംപേർ ഉണ്ടാകില്ല. ദിവസേന അവരെ പോയി കണ്ട് അവർ സമയത്ത് ഭക്ഷണം കഴിച്ചോ; ഭക്ഷണം കഴിച്ചതിനുശേഷം മരുന്ന് കഴിച്ചോ; അവരുടെ രക്തസമ്മർദ്ദത്തിൽ എന്തെങ്കിലും വേരിയേഷനുണ്ടോ; കഴിഞ്ഞ ദിവസങ്ങളിൽ അവർക്കെന്തെങ്കിലും അസ്വസ്ഥതകൾ

ഉണ്ടായിട്ടുണ്ടോയെന്ന് അന്വേഷിക്കുമ്പോൾ അവർക്കൊരു സമാധാനം ഉണ്ടാകുകയാണ് ചെയ്യുന്നത്. മക്കൾ അടുത്തില്ലെങ്കിലും അവരെ അന്വേഷിക്കാനായി ആളുണ്ടെന്നുള്ള തോന്നൽ വരും. മക്കൾ വിദേശരാജ്യങ്ങളിലുള്ള കുറെ ആളുകളുണ്ട്. പത്തനംതിട്ട, എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിൽ ഒട്ടനവധി ആളുകൾ വിദേശത്തേക്ക് പോയിട്ടുണ്ട്. വിദേശത്തുപോയി പഠിച്ച്, ജോലി കിട്ടിയതിനുശേഷം മക്കൾക്ക് ഇങ്ങോട്ടേക്ക് വരാൻ സാധിക്കുന്നില്ല. കാരണം അവർ അവരുടെ ജീവിതമാർഗവുമായി ബന്ധപ്പെട്ട് അവിടെ നിൽക്കുകയാണ്. അങ്ങനെയുള്ള ആളുകളുടെ രക്ഷിതാക്കൾ ഇതുപോലെ ഒറ്റപ്പെട്ട അവസ്ഥയിലാണ്. നീണ്ടൂർ പഞ്ചായത്ത് ഏറ്റുമാനൂർ നിയോജകമണ്ഡലമാണെങ്കിലും സാറിന് അറിയാവുന്ന സ്ഥലമാണ്. നീണ്ടൂർ പഞ്ചായത്തിലെ എത്രയോ വലിയ വീടുകളാണ് അടച്ചിട്ടിരിക്കുന്നത്. ആ വീടുകളിലെ മക്കളെല്ലാം വിദേശത്താണ്. അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന ആളുകൾ എവിടെ പോയി എന്ന് അന്വേഷിച്ചാൽ ഇതുപോലെ പ്രായമായവരെ നോക്കുന്ന ഏതെങ്കിലും സ്ഥലത്തുപോയി താമസിക്കുന്നവരായിരിക്കാം. ഇങ്ങനെയുള്ള

ഒട്ടനവധി ആളുകളുണ്ട്. ഈ ബിൽ വരുന്നതോടുകൂടി വൃദ്ധസദനങ്ങളിലേക്ക് മാറാതെ സ്വന്തം വീട്ടിൽ ധൈര്യത്തോടുകൂടി ജീവിക്കുവാനുള്ള സാഹചര്യമുണ്ടാകുമെന്നുള്ളതാണ് എന്റെയൊരു പ്രതീക്ഷ. ഇവിടെയിപ്പോൾ പാവപ്പെട്ടവരായ ആളുകൾ വളരെയേറെയുണ്ട്. ലിസ്റ്റ് എടുത്താൽ മാത്രമേ അത് അറിയാൻ സാധിക്കൂ. സമ്പന്നരായ/വരുമാനമുള്ള ആളുകളെ, വിദേശത്തുനിന്നും മക്കൾ അയയ്ക്കുന്ന പണം ഉപയോഗിച്ച് അവരുടെ സ്വന്തം കാര്യങ്ങൾ നോക്കുന്നവരെ നമുക്ക് പരിചരിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ, യാതൊരു വരുമാനവുമില്ലാതെ സർക്കാരിന്റെ നിസ്സാരമായ പെൻഷൻ വാങ്ങി ജീവിക്കുന്ന ഒട്ടനവധി ആളുകൾ ഇവിടെയുണ്ട്. അവർക്ക് വേണ്ട സംരക്ഷണം നൽകുകയെന്നുള്ളതാണ് നമുക്ക് അത്യാവശ്യമായി വേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യമായി അവതരിപ്പിച്ച ബജറ്റിൽതന്നെ വയോജനങ്ങൾക്കായി ഒരു വകുപ്പ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി പത്തുകോടി രൂപ വകയിരുത്തുകയുണ്ടായി. നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് പോകുന്നത്. ഇലക്ഷൻ പ്രഖ്യാപനത്തിന്

അഡ്വാൻസായി യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ ഇത് വരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വന്നതെല്ലാം ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ആദ്യംതന്നെ ഇത് പരിഗണിച്ചുവെന്നുള്ളതാണ്. ആദ്യ സമ്മേളനത്തിൽ എടുക്കേണ്ടതായിരുന്നെങ്കിലും രണ്ടാം സമ്മേളനത്തിൽ ഈ ബിൽ പരിഗണിക്കുന്നു. ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച് വയോജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയി തിരിച്ചുവരുന്ന സമയത്ത് ഞാൻ ബാക്കി അഭിപ്രായങ്ങൾ പറയാം. ഈ ബില്ലിനെ പൂർണ്ണമായും സപ്പോർട്ട് ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിയമസഭാ ചരിത്രത്തിലെ ഏറ്റവും മനോഹരമായ ചരിത്ര പിറവിയുടെ ദിനമായിട്ടാണ് ഞാൻ ഈ ദിവസത്തെ കാണുന്നത്. രാജ്യത്താദ്യമായി മുതിർന്ന പൗരന്മാർക്കുവേണ്ടി ഒരു വകുപ്പ് രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി ഒരു ബിൽ പൈലറ്റ് ചെയ്യുകയും ചെയ്ത ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞാൻ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയും സർക്കാരും ചരിത്രത്തിൽ എക്കാലത്തും ഓർമ്മിക്കപ്പെടുന്നത് ഈ നിയമം നിയമസഭയിൽ കൊണ്ടുവന്നതിന്റെ പേരിലായിരിക്കുമെന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ബില്ലിന്റെ ഓരോ ക്ലോസും പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതന് മികച്ച ഹോംവർക്കോടും ശ്രദ്ധയോടും ഔചിത്യത്തോടും കൂടിയാണ് ഒരു ബില്ലിന്റെ പണിപ്പുരയിൽ അദ്ദേഹം ഇരുന്നിരുന്നത് എന്നാണ്. നമ്മുടെ നാട് ഇന്ന് കടന്നുപോകുന്ന ഡെമോഗ്രഫിക്കലായുള്ള മാറ്റത്തെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലാണ് നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നത്. വളരെ ഫ്യൂച്ചറിസ്റ്റിക്കായി, വരാൻ പോകുന്ന

കാലത്തിനുവേണ്ടി കാത്തുവയ്ക്കുന്ന ഒരു നിയമ നിർമ്മാണമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ഒരിക്കൽക്കൂടി അങ്ങേയ്ക്ക് ഒരു ബിഗ് സല്യൂട്ട് ഞാൻ നൽകുകയാണ്.

വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ നാം മറ്റ് രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെയും മുമ്പിൽ അഭിമാനത്തോടെ തല ഉയർത്തിനിന്നവരാണ്. ഇപ്പോൾ കേരളം മൂന്നാമത്തെ നാഴികക്കല്ലുകൂടി മറികടക്കാൻ പോകുകയാണ്. മുതിർന്ന പൗരന്മാരെ ഏറ്റവും നന്നായി ശ്രദ്ധിക്കുന്നതിലും കരുതലോടെ പരിപാലിക്കുന്നതിലുമാണ് ഇനി കേരളം ലോകത്തിന് മുമ്പിൽ ശ്രദ്ധിക്കപ്പെടാൻ പോകുന്നതെന്നതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈ ബിൽ ഒരിക്കലും വൃദ്ധന്മാരെ പടിയടച്ച് പിണ്ഡം വയ്ക്കാനുള്ള നിയമ നിർമ്മാണമല്ല. പകരം വഴിയിൽ ഉപേക്ഷിക്കുന്ന സ്വന്തക്കാരെ അവനവന്റെ വീട്ടിലേക്ക് തിരിച്ചുകൊണ്ടുവരണമെന്ന് നിഷ്കർഷിക്കുന്ന ഒരു നിയമമാണ്. ഈ ബില്ലിലെ അധ്യായം II-ലെ ക്ലോസ് നമ്പർ (iii)-ൽ 'സ്വഗൃഹത്തിൽ വാർധക്യം, ഗൃഹാധിഷ്ഠിത പരിചരണം എന്നിവ സംബന്ധിച്ച തത്വം'

എന്നതിൽ വളരെ കൃത്യമായി പറയുന്ന ഒരു കാര്യമുണ്ട്. മുതിർന്ന പൗരൻ കഴിയുന്നിടത്തോളം സ്വന്തം വീട്ടിൽ താമസിക്കേണ്ടതും വീട്ടിൽത്തന്നെ ആരോഗ്യകരവും ഊർജസ്വലവുമായ വാർദ്ധക്യം സാധ്യമാക്കുന്നതിനായി കുടുംബാംഗങ്ങളോ ബന്ധുക്കളോ നിയമപരമായ അവകാശികളോ അവർക്ക് മതിയായ പരിചരണം നൽകേണ്ടതുമാണ്. ഇതിനേക്കാൾ സോഷ്യലിസ്റ്റായതും ക്ഷേമബോധമുള്ളതുമായ എന്ത് നിയമമാണ് ഈ സഭയിൽ കൊണ്ടുവരേണ്ടത്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൂടിയായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ പരാമർശത്തിൽനിന്ന് വ്യത്യസ്തമായ എന്റെ അഭിപ്രായം ഏറ്റവും നല്ല ക്ഷേമരാഷ്ട്രത്തിലേക്കുള്ള ചുവടുവയ്പായാണ് ഈ നിയമ നിർമ്മാണത്തെ കാണേണ്ടത് എന്നാണ്. ഇത് വൃദ്ധന്മാരെ വീട്ടിൽനിന്ന് ഇറക്കിവിടാനുള്ള നിയമം അല്ലെന്നും അവർക്ക് അഭിമാനം നൽകുന്ന നിയമം ആണെന്നും നാം മനസ്സിലാക്കണം. ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ശ്രദ്ധേയമായതുമായ ഒരു കാര്യം, ഇത് അവകാശ കേന്ദ്രീകൃത സമീപനമാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രായമാകുകയെന്നത് ഒരിക്കലും ഔദാര്യമല്ല. നമുക്കെല്ലാം ഉറപ്പുള്ള ഒരു

അവസ്ഥയാണ് വാർധക്യം. കുട്ടിക്കാലത്തേക്കും കൗമാരത്തിലേക്കും നമുക്ക് ഒരിക്കലും തിരിച്ചുപോകാൻ സാധിക്കില്ല.

" ....എനിക്ക് എന്റെ കുട്ടിക്കാലവും
എന്റെ മഴക്കാലവും
തിരികെ തരൂ
എന്റെ പ്രശസ്തിയും പേരും
നിങ്ങൾ എടുത്തോളൂ..." എന്ന് ഒരു ഉറുദു കവിതയിൽ മനോഹരമായി പറയുന്നുണ്ട്. പക്ഷേ it will not possible. അതുകൊണ്ട് ഈ നിയമം ഇന്ന് ഞങ്ങൾക്കൊക്കെ വേണ്ടിയും നാളെ മുതിർന്ന പൗരന്മാരാകാൻ ഇടയുള്ള മുഴുവൻ മനുഷ്യർക്കുമുള്ള നിയമം ആണ്. നമ്മൾ എപ്പോഴും മുൻ എം.എൽ.എ.-മാരുടെ അവകാശങ്ങൾക്ക് വേണ്ടിയാണ് പോരാടേണ്ടതെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി പലപ്പോഴും ഞങ്ങളോട് തമാശ രൂപത്തിൽ പറയാറുണ്ട്. കാരണം മുൻ എം.എൽ.എ. ആകുമെന്നത് ഉറപ്പായുള്ള കാര്യമാണ്. നമ്മുടെ കുട്ടിക്കാലമോ കൗമാരക്കാലമോ തിരിച്ചുവരില്ല. വരാനിരിക്കുന്ന കാലത്തിനുവേണ്ടി, ബഹുമാന്യനായ മുഖ്യമന്ത്രി സ്വീകരിച്ച ധീരമായ കാലുവയ്പിനെ ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. മുതിർന്ന പൗരന്മാർക്ക് നൽകുന്ന സംരക്ഷണവും പരിചരണവും കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ ദയയോ ഔദാര്യമോ അല്ലെന്നും രാജ്യത്തെ ഓരോ പൗരനും അർഹതപ്പെട്ട

ഭരണഘടനാപരമായ അവകാശമാണെന്നും ഈ നിയമം അനുശാസിക്കുകയാണ്.

ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ right to live with dignity-യെക്കുറിച്ച് പറയുന്നുണ്ട്. ഈ നിയമത്തിന്റെ ഏറ്റവും വലിയ സത്ത എന്ന് പറയുന്നത് dignity ആണ്. ഒരു മനുഷ്യന് അഭിമാനപൂർവം അവന്റെ നാട്ടിലും വീട്ടിലും സമൂഹത്തിലും സ്വന്തക്കാരോടുമൊത്ത് ജീവിക്കാനുള്ള dignity ആണ് ഈ ബില്ലിലെ പ്രധാന കാര്യം.

സാമൂഹികവും സാമ്പത്തികവുമായ സുരക്ഷയാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി പെൻഷനും സാമ്പത്തിക ഭദ്രതയുമൊക്കെ നിർദേശിക്കുന്നതോടൊപ്പം സിൽവർ ഇക്കോണമി എന്ന കാര്യം കൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു അഭ്യർഥനയുണ്ട്. കോളേജുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാധിക്കുമെങ്കിൽ 60 വയസ് കഴിഞ്ഞ വ്യക്തികൾക്ക് പഠിക്കാനുള്ള അവസരം നൽകണം. അതുകൊണ്ട് രണ്ട് കാര്യങ്ങളാണുള്ളത്. പുതിയ തലമുറ ടെക്നോളജിയുടെ വക്താക്കളും പഴയ തലമുറ എക്സ്പീരിയൻസിന്റെ വക്താക്കളുമാണ്. ടെക്നോളജിയും എക്സ്പീരിയൻസും

ഷെയർ ചെയ്യപ്പെടുന്ന ഒരു വിദ്യാഭ്യാസ കരിക്കുലത്തെക്കുറിച്ചുകൂടി നമ്മൾ ആലോചിക്കണമെന്ന് സാന്ദർഭികമായി ആവശ്യപ്പെടുകയാണ്. ഈ വൈബൊക്കെ മുതിർന്ന പൗരന്മാരും അനുഭവിക്കണം. കോളേജിലെ ഇലക്ഷനും മറ്റ് കാര്യങ്ങളുമൊക്കെ അനുഭവിച്ച് അവരും വൈബോടുകൂടി ജീവിക്കണം. അത് നല്ല രസമുള്ളതും നമുക്ക് ആലോചിക്കാവുന്നതുമായ കാര്യമാണ്. ശാരീരികവും മാനസികവുമായ സുരക്ഷ ഒരു മനുഷ്യന്റെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. രണ്ട് വർഷം മുമ്പ് എന്റെ നാട്ടിലുള്ള പകൽ വീട്ടിലെ അംഗങ്ങൾ തിരുവനന്തപുരം കാണമെന്ന അഭ്യർഥന എന്നോട് നടത്തുകയുണ്ടായി. അതിൽ പല വ്യക്തികളും ടെയിനിൽ കയറിയിട്ടില്ല. ഞാൻ ആ ന്യൂറംഗ സംഘത്തെയുംകൊണ്ട് തിരുവനന്തപുരത്തുവന്ന് നിയമസഭ മുഴുവനും കാണിച്ചുകൊടുത്തു. അതിൽ ചിലർ വീൽചെയറിലായിരുന്നു സഞ്ചരിച്ചിരുന്നത്. ശ്രീ. ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോ കാണുകയും പിന്നീട് തിരുവനന്തപുരം മുഴുവൻ കണ്ട് തിരിച്ച് ടെയിനിൽ കയറാൻ നേരം അവർ എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. വളരെ വികാരഭരിതനായാണ് ഞാൻ ആ രംഗം ഓർമ്മിക്കുന്നത്. ഇന്നത്തെ ഏറ്റവും

വലിയ സാമൂഹ്യ പ്രശ്നം ഒറ്റപ്പെട്ടുപോകുന്ന മനുഷ്യരുടെ ദുഃഖമാണ്. നമ്മൾ വിചാരിക്കുന്നതുപോലെയല്ല ആ ഒറ്റപ്പെടൽ. നമുക്ക് സോഷ്യൽ മീഡിയയും നെറ്റ്‌വർക്കുമുണ്ട്. നമ്മൾ മനുഷ്യർക്കിടയിലാണ് ജീവിക്കുന്നത്. ഒറ്റപ്പെട്ടുപോകുന്ന മനുഷ്യന്റെ ദുഃഖം, അത് പണം കൊണ്ട് പരിഹരിക്കാൻ സാധിക്കുകയില്ല. അതിനൊരു കാഴ്ചപ്പാടാണ് വേണ്ടത്. ആ കാഴ്ചപ്പാടുള്ള സർക്കാരിന്റെ പേരാണ് യു.ഡി.എഫ്. സർക്കാരെന്ന് ഞാൻ അഭിമാനത്തോടെ പറയും. അതൊരു പോളിസിയുടെയും നിലപാടിന്റെയും കാര്യമാണ്. ഏറ്റവും പിറകിൽ നിൽക്കുന്ന മനുഷ്യരെക്കുറിച്ചുകൂടി ഓർക്കുന്ന ഗാന്ധിസത്തിന്റെ ഭാഗമാണെന്ന് അതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതുപോലെതന്നെ വളരെ പ്രധാനമായ ഒരു ഡെമോഗ്രാഫിക്കൽ മാറ്റത്തെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഞാൻ നിങ്ങളുടെ അറിവിലേക്കുവേണ്ടി പറയുകയാണ്, 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ മൂന്നു കോടി മുപ്പത്തിനാല് ലക്ഷമാണ്. 2021-ൽ സെൻസസ് നടന്നിട്ടില്ല. അത് നടത്തുമ്പോൾ മൂന്നു കോടി നാല്പത് ലക്ഷത്തിലേക്ക് ജനസംഖ്യ ഉയരും. 2031-ൽ അത് മൂന്ന് കോടി

നാല്പത്തിയഞ്ച് ലക്ഷത്തിലേക്ക് ഉയരുമെന്നാണ് പ്രെഡിക്ട് ചെയ്തിട്ടുള്ളത്. ഗുരുതരമായ പ്രശ്നമുള്ളത്, 30 ശതമാനം ജനങ്ങളും 60 വയസ്സിന് മുകളിലുള്ളവരായിരിക്കുമെന്നാണ് പഠനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിരിക്കുന്ന വിവരം. ഒരു പക്ഷേ വിവാദമാകാം, എന്നാലും ഞാൻ ഒരു കാര്യം പറയുകയാണ്, പെൻഷൻ പ്രായം 60-ലേക്ക് എത്തിക്കണമെന്ന കാര്യം കൂടി നാം വളരെ ഗൗരവമായി പരിഗണിക്കേണ്ടിവരും. കാരണം 60 വയസ്സിനുമുകളിലുള്ള ആളുകളായിരിക്കും 30 ശതമാനവും വരുന്നത്. നമ്മുടെ ജനന നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മുതിർന്ന പൗരന്മാരാൽ നിറയുന്ന ഒരു കേരളം നമ്മുടെ മുമ്പിൽ വരുന്നുവെന്നത് വളരെ ഗൗരവമുള്ള വിഷയമായി കാണേണ്ടതാണ്. അതുപോലെതന്നെ ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, മുതിർന്ന പൗരന്മാരോടുള്ള കരുതലാണ്. നാം ജീവിക്കുന്ന നാടിനെക്കുറിച്ചുള്ള വളരെ കൃത്യമായ ചില കരുതലുകൾ ഈ നിയമത്തിന്റെ ഭാഗമായി വരുന്നുണ്ട്. ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ട ചില കാര്യങ്ങൾകൂടി എനിക്ക് പരാമർശിക്കാനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. പ്രധാനമായും രണ്ട്

കാര്യങ്ങളാണുള്ളത്. ആദ്യത്തെ വിഷയം ഡാറ്റാ പ്രൊട്ടക്ഷൻ സംബന്ധിച്ചാണ്. ഇക്കാര്യം നിയമത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിൽപ്പോലും അതിൽ കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ വിഷയത്തെക്കുറിച്ച് സഭയിൽ സംസാരിച്ചപ്പോൾ ഏറെ ഗൗരവത്തോടെ ഉന്നയിച്ച ഒരു പ്രശ്നം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഭീമൻ കോർപ്പറേറ്റുകൾ നമ്മുടെ ആരോഗ്യമേഖലയെ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രധാന നഗരങ്ങളിലെ എല്ലാ ഹോസ്പിറ്റലുകളും ബ്ലാക്ക് സ്റ്റോൺ പോലെയുള്ള ഭീമൻ മാനേജ്മെന്റ് സ്ഥാപനങ്ങൾ വിഴുങ്ങിക്കഴിഞ്ഞു. നമ്മുടെ നാട്ടിൻപുറത്തെ ആശുപത്രികളെക്കൂടി അവർ വിഴുങ്ങുന്ന സാഹചര്യമാണ്. ഇക്കാലത്ത് മുതിർന്ന പൗരന്മാരെ സംബന്ധിക്കുന്ന ഡാറ്റകളുടെ പ്രൊട്ടക്ഷൻ വളരെ പ്രധാനമാണ്. അല്ലെങ്കിൽ എല്ലാം അവർ കവർന്നുകൊണ്ടുപോകുന്ന സ്ഥിതിവിശേഷമുണ്ടാകും. ഈ നിയമനിർമ്മാണത്തിലെ പ്രധാനകാര്യം ഇതിനുവേണ്ടി രൂപീകരിച്ച മൂന്ന് പ്രധാനപ്പെട്ട ഫോറങ്ങളാണ്. ആദ്യത്തേത് സ്റ്റേറ്റ് ലെവൽ സിസ്റ്റമാണ്. ഈ സിസ്റ്റത്തിൽ ഒരു എൻ.ജി.ഒ. പ്രതിനിധിയെ ഉൾപ്പെടുത്തുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. മൂന്ന്

എൻ.ജി.ഒ. പ്രതിനിധികളെയെങ്കിലും ഉൾപ്പെടുത്താനുള്ള ഉദാരത കാണിക്കണമെന്നാണ് എനിക്ക് റിക്വസ്റ്റ് ചെയ്യാനുള്ളത്. ഞാൻ ഈയടുത്ത കാലത്ത് കോതമംഗലത്തുള്ള പീസ് വാലി എന്ന സ്ഥാപനം സന്ദർശിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽനിന്നുള്ള അംഗങ്ങൾക്കെല്ലാവർക്കും ഈ സ്ഥാപനത്തെക്കുറിച്ച് അറിവുണ്ടാകും. നയാപൈസപോലും വാങ്ങാതെ വളരെ മനോഹരമായാണ് അവർ ഒരു റീഹാബിലിറ്റേഷൻ സെന്റർ മുന്നോട്ടുകൊണ്ടുപോകുന്നത്. അതുപോലുള്ള കാര്യങ്ങൾ തന്നെയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയും ഇവിടെ സൂചിപ്പിച്ചത്. ഫിനാൻഷ്യൽ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ശ്രീ. എൻ. കെ. അക്ബർ ഉന്നയിച്ച ക്രമപ്രശ്നത്തിന്റെ മറുപടികൂടി അതിൽ ഉൾപ്പെടുന്നുണ്ടായിരുന്നു. ഈ ബില്ലിന്റെ ഭാഗമായുള്ള സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള കാര്യങ്ങളെക്കുറിച്ച് മാത്രമല്ല പറയേണ്ടത്. ഈ നാട്ടിലെ മനുഷ്യത്വമുള്ള ആളുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ടുള്ള ഒരു മാനുഷിക മുന്നേറ്റമായി ഇതിനെ

സമീപിക്കുകയാണെങ്കിൽ ഒരു കാരണവശാലും റിജിഡായി ചിന്തിക്കേണ്ടിവരില്ല..

മി.സ്പീക്കർ: യെസ്..യെസ്..

ശ്രീ. നജീബ് കാന്തപുരം: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ബിൽ ആയതുകൊണ്ടും ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കാൻ കുറച്ചധികം സമയമെടുക്കാമെന്നതുകൊണ്ടും രണ്ടുമൂന്ന് മിനിട്ടുകൾകൂടി അനുവദിക്കണം. അധ്യായം II-ലെ ' അന്തസ്സിനും ആദരവിനുമുള്ള അവകാശതത്വം' എന്ന് പ്രതിപാദിക്കുന്നിടത്ത്, ' ഓരോ മുതിർന്ന പൗരനും എല്ലാത്തരം ചൂഷണങ്ങളിൽനിന്നും മാനസികവും ശാരീരികവുമായ പീഡനങ്ങളിൽനിന്നും മുക്തമായി സുരക്ഷിതത്വത്തോടെ' .. എന്ന വാക്യത്തിലെ ' സുരക്ഷിതത്വത്തോടെ' എന്നതിനുപകരം ' സുരക്ഷിതത്വത്തോടെയും സംതൃപ്തിയോടെയും' എന്ന് മാറ്റാൻ സാധിക്കുമെങ്കിൽ ഉചിതമായിരുന്നു. കൂടാതെ ഇതിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം സിൽവർ ഇക്കോണമിയാണ്. അധ്യായം II-ലെ ഖണ്ഡം 3(iv)-ൽ പരാമർശിച്ചിരിക്കുന്ന ' ആരോഗ്യകരമായ വാർധക്യത്തിന്റെ

പ്രോത്സാഹനം' എന്ന കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോഴുള്ള കാറ്റഗറി വളരെ രസകരമാണ്. അറുപത് വയസ്സ് മുതൽ അറുപത്തി ഒൻപത് വയസ്സുവരെ യുവ വൃദ്ധർ എന്നും എഴുപത് മുതൽ എഴുപത്തി ഒൻപത് വയസ്സുവരെ വൃദ്ധർ എന്നും എൺപത് മുതൽ എൺപത്തി ഒൻപത് വയസ്സുവരെ അതിവൃദ്ധർ എന്നും തൊണ്ണൂറ് വയസ്സിന് മുകളിലുള്ളവരെ അത്യന്ത്യം വൃദ്ധർ എന്നുമാണ് നിർവചിച്ചിരിക്കുന്നത്. ഇപ്പോൾ അതിവൃദ്ധർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആളുകൾ വളരെ ആക്ടീവായി ഓടിനടക്കുന്ന ആൾക്കാരാണ്. വളരെ നല്ല പ്രായമാണത്. യുവ വൃദ്ധർ, വൃദ്ധർ, അതിവൃദ്ധർ... ഇതിനെല്ലാം അപ്പുറത്ത് നിൽക്കുന്നത് 90 വയസ്സുള്ളവരുടെ ഒരു വിഭാഗവുമുണ്ട്. ' ഇക്കിഗായ് എന്ന മനോഹരമായ പുസ്തകം വായിക്കാത്ത ആരുമുണ്ടാകില്ല. ജപ്പാനിലെ ഒരു ഗ്രാമത്തെക്കുറിച്ചും അവിടത്തെ ജീവിത രീതിയിയെക്കുറിച്ചും ഇതിൽ സൂചിപ്പിക്കുന്നുണ്ട്. അവിടെ 120 വയസ്സ് കഴിഞ്ഞാണ് ആളുകൾ വളരെ മനോഹരമായി ജീവിക്കുന്നത്. Longevity ഉള്ള ഒരു പ്രദേശമാണത്. അതുപോലെ നമ്മുടെ നാട്ടിലും നാളെ Longevity വരും. അടുത്ത അഞ്ച് വർഷംകൊണ്ട്

മെഡിക്കൽ സയൻസ് കൂടുതൽ പുരോഗമിച്ച് ഡി.എൻ.എ. ഡീ-കോഡിങ് സംവിധാനംകൂടി വന്നുകഴിഞ്ഞാൽ 150 വയസ്സുവരെയും ആളുകൾ ജീവിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 100 വയസ്സ് കഴിഞ്ഞശേഷവും തുള്ളിച്ചാടി നടക്കുന്ന ആളുകളുടെ കാലമുണ്ടാകും. അപ്പോൾ നമുക്കും പയറുമണിപോലെ നടക്കണം. അവിടെയും അവകാശങ്ങൾ വളരെ പ്രധാനമായ ഒന്നാണ്. ഇതിലെ ഏറ്റവും സങ്കടകരമായൊരു കാര്യംകൂടി ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. അധ്യായം IV-ൽ ' മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ സ്ഥാപനവും പ്രവർത്തനവും' - എന്നതിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം, ഒരിക്കലും സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക ചെലവുവരാതെ ഒരുപാടുപേർ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കട്ടെയെന്നതാണ്. അങ്ങനെയാണെങ്കിൽ വളരെ ഡീസെൻട്രലൈസ്ഡായി സ്ഥാപനങ്ങൾ വർധിക്കും. തുടർന്ന് അതുമായി ബന്ധപ്പെട്ട ഒരു കൾച്ചറും നമുക്കുണ്ടാകട്ടെയെന്ന് ചിന്തിക്കാം. അവർക്ക് പരസ്പരം തമാശ പറയാനുംമറ്റും പകൽ വീടുപോലെ പോയിവരാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടായാൽ മതിയാകും. അതോടൊപ്പം ഒരൊറ്റ നിർദേശംകൂടി

എനിക്ക് സൂചിപ്പിക്കാനുണ്ട്. സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂൾതലം മുതലുള്ള എല്ലാ വിദ്യാർഥികളും വർഷത്തിൽ 15 ദിവസം മുതിർന്ന പൗരന്മാരെ പരിചരിക്കണമെന്ന് തീരുമാനിക്കുന്ന ഒരു clause കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്. ഹയർ സെക്കൻഡറിതലം മുതൽ കോളേജുതലം വരെയുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തി ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പാക്കാവുന്നതാണ്. വിദ്യാർഥികളുടെ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രിമൈസിനകത്തുതന്നെ വർഷത്തിൽ പതിനഞ്ച് ദിവസം വർക്ക് ചെയ്യത്തക്കരീതിയിൽ ക്രമീകരിക്കണം. അങ്ങനെ ചെയ്യുമ്പോൾ ചുറ്റുപാടുമുള്ള മനുഷ്യരെ കാണാനും നിരീക്ഷിക്കാനും കുട്ടികൾക്ക് കഴിയും. അങ്ങനെയൊരു തീരുമാനംകൂടി എടുക്കേണ്ടതുണ്ടെന്നാണ് അഭിപ്രായപ്പെടുന്നത്. നമ്മുടെ കുട്ടികൾക്ക് ഇതിലൂടെ ഒരു ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റും ലഭ്യമാകും. നമ്മുടെ കുട്ടികളിൽ ബഹുഭ്രൂരിപക്ഷംപേരും വിദേശരാജ്യങ്ങളിലേക്കാണ് മൈഗ്രേറ്റ് ചെയ്യുന്നത്. ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. ഒരിക്കൽ സഭയിൽ പറഞ്ഞകാര്യം

ഞാനോർക്കുകയാണ്. 'അവനവന്റെ വീട്ടിലെ അച്ഛനെയും അമ്മയെയും പരിചരിക്കാൻ ബംഗാളിയെ ഏൽപ്പിച്ചശേഷം കാനഡയിലേയും യൂറോപ്പിലെയും യു.എസ്.-ലെയും യു.കെ.-യിലെയും അച്ഛനെയും അമ്മയെയും പരിചരിക്കാൻ നമ്മുടെ കുട്ടികൾ പോകുകയാണ്. അങ്ങനെ വരുംനാളിൽ ലോകത്തെവിടെയുമുള്ള കെയർ സെന്ററുകളിൽ അവർ പോകുകയാണെങ്കിലും ഈ സർട്ടിഫിക്കറ്റുകൂടി അവർക്ക് ഗുണകരമായിത്തീരട്ടെ. അത്തരത്തിൽ പ്രാദേശികമായൊരു സോഷ്യലൈസേഷനും ഇതിൽ നടപ്പാക്കണം. ഒരു പ്രധാനപ്പെട്ട നിയമം നടപ്പാക്കുമ്പോൾ ഇതിന്റെ നിയമപരമായ പരിരക്ഷ വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുകൂടാതെ കെയർ സെന്ററുകളെ സംബന്ധിച്ചുള്ള ഒരു പ്രൊവിഷൻകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ചുരുങ്ങിയപക്ഷം ഒരു ഡോക്ടറുടെയും നഴ്സിന്റെയും സർവീസ് കൂടി നിർബന്ധമാക്കേണ്ടതുണ്ട്. മെഡിക്കൽ എമർജൻസിയുണ്ടായാൽ അവർക്ക് പെട്ടെന്നുള്ള ചികിത്സാ സഹായം ലഭ്യമാകേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്....

ശ്രീ. നജീബ് കാന്തപുരം: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അധ്യായം V-ൽ (18)(ബി)-യിൽ 'രജിസ്ട്രാർക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ഉചിതമെന്ന് കരുതുന്ന അന്വേഷണം നടത്തിയ ശേഷം, ഉത്തരവ് മുഖേന, രജിസ്ട്രാർക്ക് സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:' എന്ന ക്ലോസ് ഒന്നുകൂടി പുനഃപരിശോധന നടത്തേണ്ടതുണ്ട്.

മി. സ്പീക്കർ: അക്കാര്യങ്ങൾ ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിൽ മൂവ് ചെയ്താൽ മതിയാകും.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രസംഗം അവസാനിപ്പിക്കുകയാണ്..... ഇപ്പോൾ സൂചിപ്പിച്ചതിൽ 'രജിസ്ട്രാർക്ക്' എന്നതിപകരം 'ജില്ലാ ഫോറത്തിന്' അതിന്റെ അധികാരം നൽകുകയും ചെയ്യണമെന്ന അഭ്യർഥന കൂടി മുന്നോട്ട് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ എനിക്ക് സംസാരിക്കുവാൻ ഉദാരമായി സമയം നൽകിയതിന് നന്ദി രേഖപ്പെടുത്തുന്നു. പ്രസ്തുത ബില്ലിന്റെ നിയമനിർമ്മാണം അങ്ങയുടെകൂടെ താൽപര്യമാണെന്ന ബോധ്യം എനിക്കുണ്ട്. കേരളം ചരിത്രപ്പിറവിയിലേക്ക്

കാൽവയ്ക്കുന്ന ഈ നിമിഷത്തിൽ നമ്മളിവിടെ പരാമർശിക്കുന്ന ഓരോ വാക്കുകൾക്കും കനമുണ്ടെന്ന വിശ്വാസം എനിക്കുണ്ട്. കേരളനിയമസഭ നമ്മുടെ സംസ്ഥാനത്തിന്റെ അന്തസ്സുയർത്തുന്ന ഒരു നിയമം നിർമ്മിക്കുമ്പോൾ അതോടൊപ്പം നിൽക്കാൻ കഴിഞ്ഞതിലുള്ള അതിയായ സന്തോഷം അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഞാൻ 1(എ) ഭേദഗതിയെ പിന്താങ്ങുന്നു. കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ അവതരിപ്പിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും ഈ ബില്ലിന്റെ ലക്ഷ്യത്തെക്കുറിച്ചും ബഹുമാന്യനായ മുഖ്യമന്ത്രി വളരെ വിശദമായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. കഴിഞ്ഞ ആഴ്ച ഞാനൊരു പരിപാടിയിൽ പങ്കെടുത്ത അവസരത്തിൽ അവിടെവച്ച് ഒരു കുട്ടി ചൊല്ലിയ നാലുവരി കവിത ഇവിടെ അവതരിപ്പിക്കാം.

"ചുളിവുകളേറെ ഭംഗി പകരും

അനുഭവഗാഥ ചായമെഴുതും

ഉലയാത്ത തേജസ്സിന്റെ മുഖമേ

ഈ മണ്ണിൻ നിധിയാണു നീ..."

ഈ മണ്ണിന്റെ നിധിയാണ് നമ്മുടെ മുതിർന്ന പൗരന്മാർ. അവരെ നിധിയായി കണ്ടുകൊണ്ട് അവർക്കാവശ്യമായ അവകാശസംരക്ഷണം നൽകണം. കൂടാതെ അവർക്കാവശ്യമായ സാമൂഹ്യനീതിപരമായ ഇടപെടലും നമ്മുടെ ബില്ലിലുണ്ടാകണം. വൃദ്ധരെ യുവ വൃദ്ധർ, അതിവൃദ്ധർ, അത്യന്തം വൃദ്ധർ എന്നീങ്ങനെ മൂന്ന് കാറ്റഗറിയായി തിരിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവരുടെ മനുഷ്യശേഷി നമ്മൾ എങ്ങനെ പ്രയോജനപ്പെടുത്തുമെന്ന കാര്യം കൂടി അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അത് ഏറ്റവും പ്രധാനപ്പെട്ടതാണ്. രണ്ട് തരത്തിലുള്ള സാഹചര്യങ്ങളുണ്ട്. ഒന്ന്, സമ്പന്നരായിട്ടുള്ള ആൾക്കാരുണ്ട്, അവരെ നോക്കാൻ വീട്ടിൽ ആളില്ല. മറ്റൊന്ന്, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളുണ്ട്. അവർക്ക് ഇവരെ സംരക്ഷിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്ഥിതിയില്ല. ഈ രണ്ട് തലങ്ങളിൽനിന്നുവേണം മുതിർന്ന

പൗരന്മാരുടെ സംരക്ഷണവും അവകാശവും സംബന്ധിച്ച് നമ്മൾ ചിന്തിക്കേണ്ടത്. 'സംസ്ഥാന മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെ രൂപീകരണം' ഈ ബില്ലിൽ സൂചിപ്പിച്ചു. ആ യൂണിറ്റിന്റെ രൂപീകരണം മുതൽത്തന്നെ നല്ല ശ്രദ്ധ നമുക്ക് ഇതുമായി ബന്ധപ്പെട്ടുണ്ടാകണം. ആ യൂണിറ്റിൽ മുതിർന്ന പൗരന്മാരെ സംരക്ഷിച്ചുപോകുന്ന നിരവധി കേന്ദ്രങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ അനുഭവം ഇതുമായി ബന്ധപ്പെടുത്താൻ നമുക്ക് കഴിയണം. അത്തരത്തിലുള്ള അനുഭവ സമ്പത്ത് ഈ യൂണിറ്റിലുണ്ടാകണം. യൂണിറ്റിന്റെ രജിസ്ട്രേഷൻ അടക്കമുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് പോകുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇത്തരം സ്ഥാപനങ്ങൾ നടത്തി നല്ല പരിചയമുള്ള ആൾക്കാരുടെ അത്തരം അനുഭവങ്ങൾകൂടി ഉൾക്കൊള്ളിച്ച് പോകുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്തെ മുതിർന്ന പൗരന്മാർക്കുവേണ്ടി നടപ്പാക്കിയ നിരവധി പദ്ധതികളുണ്ട്. രാഷ്ട്രീയ വയോശ്രീ യോജന (RVY) എന്ന പദ്ധതി ബഹുമാന്യനായ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ

നടപ്പാക്കിയിട്ടുള്ളതാണ്. പ്രയാധിക്യം മൂലമുള്ള ശാരിരീക ബുദ്ധിമുട്ടുകളുള്ള അർഹരായ വയോജനങ്ങൾക്ക് വീൽചെയറുകൾ, ശ്രവണ സഹായി, വാക്കറുകൾ, കണ്ണട തുടങ്ങിയ ഉപകരണങ്ങൾ സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. 2017 ഏപ്രിൽ 1-നാണ് ഈ നിയമം നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത്. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 2025-26 വർഷിക റിപ്പോർട്ടിലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 2660 പേർ അതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. വിതരണം ചെയ്ത സഹായ ഉപകരണങ്ങൾ 11399 ആണ്. ഇതുപോലെ 2020 മുതൽ 2025 വരെയുള്ള കാലയളവിൽ 'ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ സീനിയർ സിറ്റിസൺസ്' എന്ന കേന്ദ്ര പദ്ധതിയുടെ ഗുണങ്ങളും നമ്മുടെ സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരുപാട് കേന്ദ്രവിഷ്കൃത പദ്ധതികളുണ്ട്. നമ്മുടെ സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കുവേണ്ടി കേന്ദ്രവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ശ്രദ്ധക്കുടി ഓരോ വകുപ്പിനുമുണ്ടാകണം. ഉദാഹരണത്തിന്, ഡൽഹിയിൽ ശ്രീമതി രേഖാ ഗുപ്തയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 2025 ഫെബ്രുവരി 20-നാണ്

സത്യപ്രതിജ്ഞ ചെയ്തത്. പക്ഷെ 2025 ഏപ്രിൽ 05-ാം തീയതി 70 വയസിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്കായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നമ്മുടെ സംസ്ഥാനത്തിന് വേണമെങ്കിലും മാതൃകയാക്കാവുന്നതാണ്. ഡൽഹിയിലെ 70 വയസ് കഴിഞ്ഞ എല്ലാവർക്കും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ആയുഷ്മാൻ ഭാരത് വയ വന്ദന കാർഡ് നൽകിയിട്ടുണ്ട്. ഒരുപാട് സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുടുംബങ്ങളുണ്ട്. ഇത്തരം ക്ഷേമപദ്ധതികൾകൂടി സമയബന്ധിതമായി അവർക്ക് അനുവദിച്ചുകൊടുക്കപ്പെടുമ്പോഴാണ് അവരുടെ സാമൂഹിക സുരക്ഷ നമുക്ക് ഉറപ്പുവരുത്താൻ സാധിക്കുന്നത്. അതിന്റെ സാമ്പത്തികകാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ക്ഷേമപ്രവർത്തനങ്ങൾക്ക് സാമ്പത്തികം ഒരു ഘടകം തന്നെയാണ്. അതിനുള്ള സാമ്പത്തിക വരുമാന സ്രോതസ്സുകളെക്കുറിച്ച് അതിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് ലഭിക്കേണ്ട എല്ലാ ആദരവും പരിഗണനയും അവകാശവും ലഭിക്കുന്നതിനൊപ്പം സുരക്ഷിതമായ

ജീവിതക്രമത്തിലേയ്ക്ക് കൊണ്ടുപോകാൻ ആവശ്യമായ കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിയിലും തുടർന്നുള്ള നിയമസഭാ കമ്മിറ്റിയിലുമുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ 2 (ബി) ഭേദഗതിയെ പിന്താങ്ങുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിനെ ഞാൻ അനുകൂലിക്കുകയും സ്വാഗതം ചെയ്യുകയുമാണ്. 'ഓൾഡ് ഈസ് ഗോൾഡ്' എന്ന ലോക പ്രശസ്തമായ ഇംഗ്ലീഷ് ചൊല്ലുണ്ട്. മലയാളത്തിലും അത് പറയാറുണ്ട്. പക്ഷെ 'ഓൾഡ് ഈസ് വേസ്റ്റ്' എന്ന് ചിന്തിക്കുന്ന ഒരു വിഭാഗം ലോകത്താകെ വളർന്നതിന്റെ കാരണം ധന/സാമ്രാജ്യത്വ മൂലധനത്തിന്റെ മേധാവിത്വമാണ്. ലാഭം മാത്രമാണ് അവർക്ക് നോട്ടം, ലാഭമില്ലാത്തത് ഒന്നും വേണ്ട. പശുവിന്റെ കറവ വറ്റിയാൽ അതിനെ കശാപ്പിനുവേണ്ടി നൽകും. അത് വാസ്തവത്തിൽ ജീവശാസ്ത്രപരമായ ആവശ്യംകൂടിയാണ്. പക്ഷെ, മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമാവധി നന്നായി ജീവിക്കുക, അതിനുള്ള അവസരമുണ്ടാക്കി കൊടുക്കുക എന്നുള്ളതാണ്.

'ഓൾഡ് ഈസ് ഗോൾഡ്' എന്ന ചൊല്ല് ഈ അവസരത്തിൽ ഞാൻ ഇവിടെ ഓർക്കുകയാണ്. ഇതൊരു വലിയ വിഷയമാണ്. ഒരു ബില്ലിന് അപ്പുറത്തുള്ള, സാമൂഹിക പരിണാമ പ്രക്രിയയുടെ ഭാഗമായി വരുന്ന കാര്യമാണ്. "ഓൺ ദി ഒറിജിൻ ഓഫ് സ്പീഷീസ്" എന്ന തീസിസ് കൊണ്ടുവന്നത് ചാൾസ് ഡാർവിനാണ്. ഇന്നതിന് ഭേദഗതികളൊക്കെ വന്നിട്ടുണ്ടെങ്കിലും മനുഷ്യൻ പരിണമിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യ പരിണാമത്തിന്റെ ഉച്ചസ്ഥായിയാണ് വാർധക്യം. ആ പരിണാമ പ്രക്രിയയെ നമ്മൾ ആദരിക്കണം. ആവശ്യമെങ്കിൽ ഇത് പഠിക്കുന്നതിനുവേണ്ടി "ഓൾഡ് ഈസ് ഗോൾഡ് ഹ്യൂമൻ യൂണിവേഴ്സിറ്റി' എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചാൽ എന്താണ്? അങ്ങനെ പലതരത്തിലും നമുക്ക് ഇതിനെ മുന്നോട്ടുകൊണ്ടുപോകാവുന്നതാണ്. ഓൾഡ് ഈസ് വേസ്റ്റ് അല്ല. രാമായണത്തിൽ, രാമനുമായി യുദ്ധം ചെയ്യാൻ പോകരുത്, നീ നശിച്ചുപോകുമെന്ന് പറഞ്ഞ കാരണവരാണ് രാവണന്റെ മാതുലനായിട്ടുള്ള മാല്യവാൻ. ഏറ്റവും പ്രായമുള്ളയാളാണ് ഉപദേശം നൽകിയത്. എല്ലാ

മഹർഷിമാരും- വസിഷ്ഠനായാലും കശ്യപനായാലും വിശ്വാമിത്രനായാലും വളരെയെറെ പ്രായം ചെന്ന ബുദ്ധിജീവികൾകൂടിയായിരുന്നു. അവരുടെ പ്രായം കൂടുന്തോറും ബുദ്ധികൂടിക്കൊണ്ടിരിക്കുകയാണ്. പ്രായത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാനാണ് ഞാൻ ഇത് പരാമർശിക്കുന്നത്. ഏണസ്റ്റ് ഹെമിംഗ്വേ-യുടെ 'ദി ഓൾഡ് മാൻ ആൻഡ് ദി സീ' എന്നത് ലോകപ്രശസ്തമായ ഒരു നോവലാണ്. വളരെപ്രായമായ എന്നാൽ മനസ് നല്ല ദാർഢ്യമുള്ള ഒരു വൃദ്ധൻ മീൻ പിടിക്കുന്നതിനായി പുറംകടലിൽ പോയി. ഒരു വലിയ മത്സ്യം ചൂണ്ടയിൽ കൊരുത്തു. അദ്ദേഹത്തിന്റെ ചൂണ്ടയ്ക്ക് നിയന്ത്രിക്കാനാകാത്ത വിധം അത് ബഹളമുണ്ടാക്കിയപ്പോൾ അദ്ദേഹം സംയമനത്തോടെ അതിനെ നിയന്ത്രിച്ച് ദിവസങ്ങളോളം സഞ്ചരിച്ച് കരയിലെത്തി. കരയിലെത്തിയപ്പോൾ വലിയൊരു മത്സ്യത്തിന്റെ അസ്ഥികൂടം മാത്രമേയുണ്ടായിരുന്നുള്ളൂ. വന്ന വഴി പല ദിവസങ്ങളിലായി മറ്റ് കടൽ ജീവികൾ മത്സ്യത്തിന്റെ ബാക്കിഭാഗമെല്ലാം തിന്നുതീർത്തു. പക്ഷെ, ആ വലിയ മത്സ്യത്തെ കരയിൽ കൊണ്ടുവരാനുള്ള പ്രായംചെന്ന മനുഷ്യന്റെ ഇച്ഛശക്തി ലോകപ്രശസ്ത നോവലായി മാറി.

സ്വീഡിഷ് അക്കാദമി നോവലിന് നോബൽ സമ്മാനം നൽകി. ഇതുമാത്രമല്ല വില്യം ഷേക്സ്പിയറിന്റെ 'കിംഗ് ലിയർ' പ്രായമാകുമ്പോൾ പലർക്കുമുണ്ടാകുന്ന... ചിലരോട് പ്രത്യേക സ്നേഹം, ചിലരോട് പ്രത്യേക സ്നേഹമില്ലായ്മ, ഒരു വിലോഭനം വരികയാണ്. കിംഗ് ലിയർക്ക് foolishness ആണ് പറ്റിയത്. തന്നെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് ആരാണെന്ന് അദ്ദേഹം മൂന്ന് പെൺമക്കളെയും വിളിച്ചുചോദിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു ഞാൻ സ്വർണ്ണത്തെപോലെ സ്നേഹിക്കുന്നു. ഞാൻ ജീവനെപോലെ സ്നേഹിക്കുന്നുവെന്ന് രണ്ടാമത്തെയാൾ പറഞ്ഞു. മൂന്നാമത്തെയാൾ പറഞ്ഞു ഞാൻ അങ്ങയെ ഉപ്പിനെപോലെ സ്നേഹിക്കുന്നു. നീ എന്നെ ഉപ്പിനെപോലെയാണോ സ്നേഹിക്കുന്നതെന്ന് ചോദിച്ച് ഇളയമകളെയും ഭർത്താവിനെയും അടിച്ചുപുറത്താക്കി. അവർക്ക് തെരുവീഥിയിൽ കഴിയേണ്ടിവന്നു. രാജാവിന്റെ അധികാരവും രാജ്യവുമെല്ലാം മറ്റ് രണ്ട് മക്കൾ വീതിച്ചെടുത്ത് അദ്ദേഹത്തെ കൊട്ടാരത്തിൽനിന്ന് പുറത്താക്കിയപ്പോൾ അദ്ദേഹവും തെരുവിലേയ്ക്ക് വന്നു. അപ്പോൾ നേരത്തെ തെരുവിൽ കഴിഞ്ഞിരുന്ന ഇളയ മകളും

ഭർത്താവും അദ്ദേഹത്തെയും കൂട്ടി യുദ്ധം നടത്തി മറ്റുള്ളവരെ പരാജയപ്പെടുത്തി അദ്ദേഹത്തെ രാജ്യസിംഹസനത്തിൽ വീണ്ടും വാഴിക്കുന്നു. കിംഗ് ലിയർക്ക് പ്രായമായപ്പോൾ അദ്ദേഹത്തെ പുറത്താക്കി. അതെല്ലാം ലോകത്തെ ഉന്നതമായ സാഹിത്യത്തിൽപോലും ഇടംപിടിച്ച കാര്യമാണ്. അത്തരത്തിലുള്ള മാനവചരിത്രത്തിന്റെയും മാനവപരിണാമത്തിന്റെയും അനുഭവങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാവനയും വച്ചാണ് നമ്മുടെ കൊച്ച് കേരളത്തിന്റെ പ്രശസ്തമായ ഈ നിയമസഭയിൽ, ഇപ്രകാരം ഒരു ബിൽ അവതരിപ്പിച്ചത്. അദ്ദേഹം യുവത്വത്തിൽനിന്ന് മധ്യവയസ്സിലേയ്ക്ക് കടന്നുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ കേരളത്തിൽ ഇതുവരെ മുഖ്യമന്ത്രിയായവരിൽ ഏറ്റവും ചെറുപ്പമുള്ളത് അദ്ദേഹത്തിനാണ്.

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പ്രായമായ ആളാണ്. മൊറാർജി ദേശായിയും ജവഹർലാൽ നെഹ്റുവും ലാൽ ബഹദൂർ ശാസ്ത്രിയും വി. പി. സിങ്ങും പ്രായമായിരുന്നവരല്ലേ? ഇ. എം. എസ്. നമ്പൂതിരിപ്പാട്, സി. അച്യുതമേനോൻ, ശ്രീ. എ. കെ. ആന്റണി, പി. കെ. വാസുദേവൻ

നായർ എന്നിവരെല്ലാം 60 വയസ്സിനുശേഷമാണ് മുഖ്യമന്ത്രി പദത്തിലെത്തിയത്. പ്രായത്തിന് ഒരു വലിയ മൂല്യം ഉണ്ടെന്നുള്ളതാണ്. ഡോണാൾഡ് ട്രംപ് ഭ്രാന്തനാണെങ്കിൽപ്പോലും നല്ല പ്രായമുള്ളയാളാണെന്ന് എല്ലാവർക്കും അറിയാം. വായിൽ തോന്നിയതൊക്കെ വിളിച്ചുപറയുമെന്ന് മാത്രമേയുള്ളൂ. ഏതായാലും പ്രായത്തിന്റെ പ്രാധാന്യം ലോകത്ത് എല്ലായിടത്തും അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. മനഃശക്തിയും ലക്ഷ്യബോധവും പോസിറ്റാവായ ഉദ്ദേശ്യങ്ങളുമുള്ള പ്രായമായ ഒരാൾക്ക് അസാധ്യമെന്ന് കരുതുന്നത് സാധ്യമാക്കുമെന്നുള്ളതാണ് ഏണസ്റ്റ് ഹെമിങ്വേയുടെ 'ദി ഓൾഡ് മാൻ ആൻഡ് ദ സീ' എന്ന നോവലിലെ കിഴവൻ എന്നയാൾ നേടിയെടുത്ത നേട്ടം.

ഇവിടെ സ്വത്ത് വിഭജനത്തിന്റെ പ്രശ്നം വരും. ഭാവി സുരക്ഷിതത്വമില്ലാതെയും കുടുംബതാൽപര്യം നോക്കാതെയും ചില മാതാപിതാക്കൾ മക്കളെ ഒരുപോലെ കാണാതെ ഇഷ്ടപ്പെട്ട മക്കൾക്ക് സ്വത്ത് കൊടുക്കും. ചിലയിടങ്ങളിൽ അവരെ അടിച്ചുപുറത്താക്കുകയും ചെയ്യും. വില്യം ഷേക്സ്പിയറിന്റെ കിങ് ലയറിലെ Cordelia-യെപ്പോലെയുള്ള

ആളുകൾ വീട്ടിൽ കാണുകയില്ല, അവർ മടങ്ങിപ്പോയതുതന്നെയാണ്, തിരിച്ചുവരാൻ സാധ്യതയില്ല. സ്വത്ത് വിഭജനത്തിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം വി. ജോയി ചൂണ്ടിക്കാണിക്കുകയും അങ്ങ് അത് അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ കേന്ദ്ര നിയമത്തിന്റെയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ സ്വത്ത് തിരിച്ചെടുക്കാനുള്ള അവകാശമുണ്ട്. ഇക്കാര്യം ഇവിടെ ആവർത്തിച്ച് പറയേണ്ടതാണ്. സ്വത്ത് കൊടുത്തുകഴിഞ്ഞ് അവരെ സംരക്ഷിക്കുന്നില്ലെങ്കിൽ അത് തിരിച്ചെടുക്കാനുള്ള അവകാശം കൂടി നിയമത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

യുവത്വം വളരെ മഹത്താണ്. യുവത്വമാണ് ജീവിതത്തിലെ ഏറ്റവും ചടുലമായ, ക്രിയാത്മകമായ, തേജസ്സുള്ള പ്രായം. നമ്മൾ എല്ലാവരും പ്രകൃതി ഗായകനായ വില്യം വേർഡ്സ്വർത്തിന്റെ കവിതകൾ വായിച്ചിട്ടുണ്ട്. അദ്ദേഹം വലിയൊരു വിപ്ലവ ബോധമുള്ള ആളായിരുന്നു. ഫ്രഞ്ച് വിപ്ലവം നടക്കുന്നത് അദ്ദേഹം ജീവിച്ചിരിക്കുമ്പോഴാണ്. ഫ്രഞ്ച് വിപ്ലവം കാണുന്നതിനായി ഇംഗ്ലണ്ടിൽനിന്നും ടെയിൻ കയറി അദ്ദേഹം ഫ്രാൻസിൽ

പോയി. ഫ്രഞ്ച് വിപ്ലവം അദ്ദേഹത്തിന് ഭയങ്കര ആവേശമായിരുന്നു. കാരണം സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ മുദ്രാവാക്യങ്ങൾ ലോകത്ത് ആദ്യമായി കാണപ്പെടുകയും അറിയപ്പെടുകയും ചെയ്യുകയും അതിനുവേണ്ടി ജനങ്ങൾ പോരാടുകയും ചെയ്യുന്ന സമയമായിരുന്നുവത്. അതിനുശേഷം അദ്ദേഹം തിരിച്ചുവന്ന് വലിയ ദീർഘമായ ഒരു കവിതയെഴുതി. ഈ കവിതയുടെ ഒരു ഭാഗത്ത് യുവാക്കളെപ്പറ്റി അദ്ദേഹം പറഞ്ഞിരിക്കുന്നത്; "Bliss was it in that dawn to be alive" എന്നാണ്. ഫ്രഞ്ച് വിപ്ലവം നടക്കുന്ന ആ സുപ്രഭാതത്തിൽ ജീവിച്ചിരിക്കാൻ കഴിയുന്നത് വലിയൊരു അനുഗ്രഹമാണ്, ഒരു bliss ആണ്. "But to be young was very heaven!" യുവാവായി ജീവിച്ചിരുന്നുവെന്നത് സ്വർഗീയമാണ്. യുവത്വത്തിന്റെ opposite അല്ല യുവത്വം. പണ്ട് ചില സൈദ്ധാന്തികർ ഇത് തലമുറകൾ തമ്മിലുള്ള സംഘട്ടനമാണെന്നും വിടവാണെന്നും പറയുകയുണ്ടായി. അതിന്റെ പിന്നാലെ ചിലയാളുകൾ പോകുകയുമുണ്ടായി. ഒരിക്കലും അല്ല, ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് അതുസംബന്ധിച്ച് വളരെ കൃത്യമായി പറഞ്ഞതെന്ന് ഞാൻ ഇവിടെ പറയാറുണ്ട്. സംഘർഷം സമൂഹത്തിലെ

തലമുറകൾ തമ്മിലല്ല; സ്വത്തിനുവേണ്ടിയുള്ള പിടിവലിയിലാണ് സംഘർഷം. സ്വത്തില്ലാത്തവനും സ്വത്തുള്ളവനും തമ്മിലുള്ള പിടിവലിയിലാണ് സംഘർഷം നടക്കുന്നത്. അല്ലാതെ പ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള സംഘർഷങ്ങളില്ല. ചെറുപ്പക്കാരുടെ ഊർജസ്വലതയും അവരുടെ കഴിവും പ്രായമായവരുടെ അറിവും വിവേകവും കൂടി കൂട്ടിച്ചേർത്താണ് മാനവരാശി മുന്നോട്ടുപോകുന്നത്. അതാണ് അതിന്റെ കൃത്യമായ കാഴ്ചപ്പാട്. അതുകൊണ്ട് പ്രായമായവരും പ്രായം കുറഞ്ഞവരും തമ്മിലുള്ള സംഘർഷമൊന്നും സാമൂഹിക പുരോഗതിക്ക് നല്ലതല്ലെന്ന് മാത്രമല്ല നേരെ വിപരീതമായിരിക്കും സംഭവിക്കാൻ പോകുന്നത്. "Bliss was it in that dawn to be alive, But to be young was very heaven!" അതുകൊണ്ടാണ് യുവാവായിരിക്കുമ്പോൾ വിപ്ലവം കാണുകയെന്നത് മഹത്തായ ഒരു അനുഭവമാണെന്ന് മഹാകവി വില്യം വേർഡ്സ്വർത്ത് പറഞ്ഞത്.

ഒരു വിഭാഗം ആളുകളെ Epicureans എന്നാണ് Philosophers വിളിക്കുന്നത്. തിന്നുക, കുടിക്കുക, ആനന്ദിക്കുക... eat, drink, and be

merry, tomorrow is not ours... നമ്മൾ ഇന്ന് തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെയെപ്പറ്റി ആലോചിക്കുകയേ വേണ്ട. എന്നുവച്ചാൽ അവർ പ്രായമായവരെ അംഗീകരിക്കുമോ? നമ്മൾ Epicureans അല്ല. ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള... ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഈ അസംബ്ലിയിലുള്ള നമ്മളെല്ലാവരും Epicureans അല്ല. നമ്മൾ മാനവസ്നേഹികളും ചരിത്രം സൃഷ്ടിച്ച പ്രായമായവരെ അംഗീകരിക്കുന്നവരുമാണ്. നമ്മുടെ പ്രായപരിണാമത്തെയും അത് ശാസ്ത്രമാണെന്ന് അംഗീകരിക്കുന്നവരുമടങ്ങിയ മഹത്തായ ഒരു സഭയായതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇവിടെ ഈ ബിൽ അവതരിപ്പിക്കാൻ സാധിച്ചത്. എല്ലാവരും അതിനെ സ്വാഗതം ചെയ്യുകയാണ്, അതിന് യാതൊരു രാഷ്ട്രീയവുമില്ല.

നമുക്കറിയാം, വസിഷ്ഠനും കശ്യപനും വിശ്വാമിത്രനുമൊക്കെയായിരുന്ന അന്നത്തെ രാജാക്കന്മാരുടെ ഉപദേശകരായുള്ള മഹാമഹർഷിമാർ, അവർ പ്രായമായ ആളുകളായിരുന്നു. അതുപോലെ, ഭരണാധികാരികളെക്കുറിച്ചും മൊറാർജിയെപ്പോലെയുള്ളവരെക്കുറിച്ചും ഞാൻ

സൂചിപ്പിച്ചു. ശ്രീ. വി. ഡി. സതീശൻ ഇപ്പോൾ യുവത്വത്തിൽനിന്നും മധ്യവയസ്സിലേക്ക് കടന്നു. അറുപതും എഴുപതും എൺപതും വയസ്സുകഴിഞ്ഞാലും അദ്ദേഹം ജീവിച്ചിരിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. അപ്പോൾ ഈ നിയമം അദ്ദേഹത്തിനും പ്രയോജനപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഞാൻ അവസാനിപ്പിക്കുകയാണ്, പരിണാമത്തെക്കുറിച്ച് ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്, origin of species, എങ്ങനെ ജീവനുണ്ടായി? പരിണമിച്ചാണ് മനുഷ്യൻ ഉണ്ടായത്. ഈ മനുഷ്യന്റെ പരിണാമദിശയിലെ അത്യുന്നതമായ അവസ്ഥയാണ് ഏറ്റവും പ്രായമായ അവസ്ഥയെന്നുപറയുന്നത്. ആ നിലയിൽ സമൂഹത്തെ അത് പഠിപ്പിക്കേണ്ടതായുണ്ട്. നമ്മുടെ അച്ഛനായതുകൊണ്ടോ അമ്മയായതുകൊണ്ടോ അല്ലെങ്കിൽ മൂത്ത ജ്യേഷ്ഠനായതുകൊണ്ടോ നമ്മൾ ബഹുമാനിക്കുന്നുവെന്നുമാത്രമല്ല ഇത് ജീവപരിണാമത്തിന്റെ അനിവാര്യമായ ഒരു ഫലമാണ്. നമ്മൾ അത് ബഹുമാനിച്ചേ മതിയാകൂ. മാനവരാശിയെത്തന്നെ നാം ബഹുമാനിക്കുന്നതായാണ് ഇവിടെ കാണുന്നത്.

ഭക്ഷണവും സുരക്ഷിതത്വവും ക്ഷേമവും അവർക്ക് ഉറപ്പാക്കണം. ഈ നിയമം മുഴുവൻ ഞാൻ വായിച്ചു. ഇത് ബ്യൂറോക്രാറ്റുകളുടെ കൈയിൽ അകപ്പെടാതിരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, പ്രായം കൂടിയ ആളുകൾ ഭരണാധികാരികളാവുന്നതിനെക്കുറിച്ച് അങ്ങ് ഇവിടെ സംസാരിച്ചു. രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഇന്ന് പ്രായപരിധി വയ്ക്കുകയാണ്. ഇപ്പോൾ പോളിറ്റ് ബ്യൂറോയിലും കോൺഗ്രസിലും ബി.ജെ.പി.-യിലും എല്ലാം പ്രായപരിധി നിശ്ചയിക്കുകയാണ്. ഇങ്ങനെ ഒരു പ്രായപരിധി വയ്ക്കേണ്ട ആവശ്യമുണ്ടോ; അവരുടെ ദീർഘകാലമായ പൊതുപ്രവർത്തന പരിജ്ഞാനം യഥാർഥത്തിൽ പൊതുജനങ്ങൾക്കും സമൂഹത്തിനും ഗുണകരമായി വരേണ്ടതല്ലേ?

ശ്രീ. ജി. സുധാകരൻ: സർ, ഈ പ്രായപരിധി ശുദ്ധ അസംബന്ധമാണ്, ബുദ്ധിയില്ലായ്മയാണ്, ചരിത്ര നിരാസമാണ്. ഇത് വച്ചവരെല്ലാം അനുഭവിക്കും, അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ഞാൻ പറയാൻ ഉദ്ദേശിച്ചിരുന്നതല്ല, അങ്ങ് കൃത്യസമയത്ത് ഇടപെട്ടതുകൊണ്ടാണ്.

എന്നെയും 75 വയസ്സായെന്ന് പറഞ്ഞ് മാറ്റിയതാണ്. എനിക്ക് 75 വയസ്സായില്ല. കാരണം... (പോളിറ്റ് ബ്യൂറോയുടെ മാത്രമാണോ, വർക്കിങ് കമ്മിറ്റിയിലുമില്ലേ... ഒരു പാർട്ടിയുടെ കാര്യമല്ല.) ഞാൻ മൂന്നര വയസ്സിൽ അക്ഷരമെല്ലാം പഠിച്ചതുകൊണ്ട് 6 വയസ്സ് വച്ച് എന്നെ സ്കൂളിൽ ചേർത്തു. എനിക്ക് യഥാർഥത്തിൽ 75 വയസ്സായില്ലെങ്കിലും എനിക്ക് അതിൽ തുടരണമെന്ന് ആഗ്രഹമില്ലായിരുന്നു. ഞാൻ അതിലേക്ക് പോകുകയല്ല. പ്രായപരിധി വച്ചതിന്റെ ഒരു രക്തസാക്ഷിയല്ല, നല്ലൊരു അനുഭവസാക്ഷിയാണ് ഞാൻ എന്നേ എനിക്ക് പറയാനുള്ളൂ. ആ പ്രസ്ഥാനത്തെ ആക്ഷേപിച്ച് ഞാൻ ഒന്നും പറയുകയില്ല. കാരണം മാർക്സിസത്തിലും ലെനിനിസത്തിലും നെഹ്റുയിസത്തിലും ഗാന്ധിയിസത്തിലും ഞാൻ വിശ്വസിക്കുന്നു. നാസിസത്തിലും ഫാസിസത്തിലും ഞാൻ വിശ്വസിക്കുന്നില്ല. ഇപ്പോൾ ഞാൻ സ്വതന്ത്രനാണ്.

"എവിടെ മനസ്സ് നിർഭയവും

ശിരസ്സ് സമുന്നതവും

ആയിരിക്കുന്നുവോ...

ആ സ്വാതന്ത്ര്യ

സ്വർഗത്തിലേക്ക്

എന്റെ താതാ,

എന്റെ രാജ്യം

ഉണരേണമേ!" എന്നാണ് നോബൽ സമ്മാനം ലഭിച്ച ഗീതാഞ്ജലിയിൽ രബീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ചോദിച്ചതുകൊണ്ടാണ് ഞാനിത് പറയാൻ കാരണം. ഇതൊക്കെ തെറ്റായ കാര്യമാണ്. ആളില്ലാത്ത പാർട്ടിയിൽ, 75 വയസ്സ് കഴിഞ്ഞവരുണ്ടെങ്കിൽ ആ പാർട്ടിയിൽ പിന്നെ ആരെങ്കിലും കാണുമോ? ആളുകൾ പൊതുവേ കുറവ്; ആക്ഷേപിക്കുകയല്ല. ഇന്ത്യയിലെ ഏറ്റവും വലിയ മതനിരപേക്ഷ രാഷ്ട്രീയ പാർട്ടി കോൺഗ്രസ് അല്ലേ; ബി.ജെ.പി. രാജ്യം ഭരിക്കുകയല്ലേ; അവർക്ക് ഭൂരിപക്ഷമില്ലേ; കേരളത്തിലെ ഒന്നാമത്തെ രാഷ്ട്രീയ പാർട്ടിയായിരുന്നത് സി.പി.ഐ.(എം.)-ഉം രണ്ടാമത്തേത് കോൺഗ്രസും ആയിരുന്നില്ലേ; ചെറിയ പാർട്ടിയെല്ലാം മോശമാണെന്നാണോ; ഒറ്റയ്ക്ക് ഭരിക്കാൻ സാധിക്കുമോ? 50 ശതമാനം വോട്ട് കിട്ടിയ ഒരു രാഷ്ട്രീയ പാർട്ടിയും ഇന്നുവരെ ഇന്ത്യ ഭരിച്ചിട്ടില്ല. അത് ഇവിടത്തെ രാഷ്ട്രീയക്കാർ ചർച്ച ചെയ്തിട്ടുണ്ടോ?

മി. സ്പീക്കർ: ഇന്ദിരാഗാന്ധി ഗവൺമെന്റ്....

ശ്രീ. ജി. സുധാകരൻ: സർ, ഒരു തവണ മാത്രം ഭരിച്ചിട്ടുണ്ട്, പക്ഷേ ബാക്കിയെല്ലാം 50 ശതമാനത്തിൽ താഴെയാണ്. കേരളത്തിലും 50 ശതമാനത്തിനുമുകളിൽ വോട്ട് ലഭിച്ചത് അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് മാത്രമേയുള്ളൂ, സി.പി.ഐ.(എം.) ഒഴികെ എല്ലാ പാർട്ടിയും ഒറ്റക്കെട്ടായി നിന്നതാണ് കാരണം. പിന്നീട് മുസ്ലീം ലീഗിന്റെ മലബാറിലെ വോട്ടെല്ലാം ഇങ്ങോട്ടുവന്നു. അന്നത്തെ രാഷ്ട്രീയം അതല്ലേ, അന്നുമാത്രമെ ലഭിച്ചിട്ടുള്ളൂ. 50 ശതമാനം വോട്ടിന്റെ mandate ഈ രാജ്യത്തെ ഒരു രാഷ്ട്രീയപാർട്ടിക്കും ലഭിച്ചിട്ടില്ല. തമ്മിൽ ഭേദം തൊമ്മൻ.... അത്ര മാത്രമേയുള്ളൂ. ഇവയൊക്കെ വസ്തുതാപരമായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അങ്ങനെ വരുമ്പോൾ, ഈ രാജ്യത്ത് നമ്മളെല്ലാം ആധികാരികമായി പറയുന്നത്, നമ്മൾ മാത്രമാണ് എന്നല്ല; നമ്മൾ പറയുന്നത് ശരിയാണെങ്കിൽ നമുക്ക് അതിൽ ഉറച്ചുനിൽക്കാം; തെറ്റാണെന്ന് കണ്ടാൽ അത് ബോധ്യപ്പെടാം. വിശാലമായ ഒരു ബോധവും സഹിഷ്ണതയുമാണ് നമുക്ക് ആവശ്യം. അക്രമത്തെ ഞാൻ എതിർക്കുകയല്ല,

കാരണം violence സമൂഹത്തിനകത്തുള്ളതാണ്. പക്ഷഭേദമുള്ള, ഏറ്റക്കുറച്ചിലുകളുള്ള, ചൂഷണങ്ങളുള്ള ഒരു സമൂഹത്തിന് violence ഉണ്ട്. ഉള്ളവന്റെ കൈയിൽനിന്നും തട്ടിപ്പറിക്കാനുള്ള ആർത്തി ഇല്ലാത്തവന്റെ മനസ്സിലുണ്ട്. പക്ഷേ അവൻ നിയമത്തെ ഭയന്ന് ഒന്നും ചെയ്യുന്നില്ല. അവസരം കിട്ടിയാൽ അവൻ വിപ്ലവം നടത്തും. പക്ഷേ violence സമൂഹത്തിൽ അന്തർലീനമാണെങ്കിലും അത് സാമൂഹിക പുരോഗതിക്കുവേണ്ടി മാത്രമെ ഉപയോഗിക്കാവൂ. വ്യക്തികളെ ഉപദ്രവിക്കാനും ആക്ഷേപിക്കാനും..... പൊളിറ്റിക്കൽ ക്രിമിനലിസത്തിലേക്ക് നമ്മൾ പോകാൻ പാടില്ല. പൊളിറ്റിക്കൽ ക്രിമിനലിസം വളർന്നുവരുന്നത് തെറ്റായ കാര്യമാണ്. സ്വന്തം പ്രസ്ഥാനത്തെക്കുറിച്ച് പഠിച്ച് അറിവ് നേടിയ ആളുകൾ എല്ലാ പാർട്ടികളിലും നിറയട്ടെ. അപ്പോൾ ഈ കേരളം മികച്ചതാകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ നിയമം ബ്യൂറോക്രസിയുടെ കൈയിൽ ശ്വാസം മുട്ടി മരിക്കാൻ ഇടവരരുത്. പല പല കമ്മിറ്റികളെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് ഭയമായി, ഒരുപാട് കമ്മിറ്റികളുണ്ടാകുന്നത് നല്ലതാണോ, അക്കാര്യം പരിശോധിക്കണം. അവർക്ക് ക്ഷേമവും

സുരക്ഷിതത്വവും താമസിക്കാനുള്ള വീടും ലഭിക്കണം. അവരുടെ അവകാശങ്ങളിൽ കൈതൊടാൻ ആരെയും അനുവദിക്കരുത്. മാത്രമല്ല, തൊടുന്നവർക്ക് നല്ല ശിക്ഷ ലഭിക്കണം. ഈ നിയമത്തിൽ ശിക്ഷകളെക്കുറിച്ച് പറയുന്നുണ്ട്, അവയൊന്നും ഞാൻ നിഷേധിക്കുന്നില്ല. കൂടുതൽ നല്ല ശിക്ഷകൾ കൊണ്ടുവന്നാലും കുഴപ്പമില്ല. ഇത് ബ്യൂറോക്രസിയുടെ കൈയിൽ അകപ്പെടാതെ ഭംഗിയായി നടപ്പാക്കാൻ സാധിക്കണം.

നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഞാൻ ഇടപെട്ട് ചൂണ്ടിക്കാണിച്ചതും അദ്ദേഹം അംഗീകരിച്ചതും ഭരണഘടനയിലെ നിർദേശക തത്വങ്ങളിൽ (Directive Principles of State Policy) കുട്ടികൾക്കും സ്ത്രീകൾക്കും ഗർഭിണികൾക്കും അംഗവൈകല്യമുള്ളവർക്കും പ്രായമായവർക്കും മുൻഗണന നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ചാണ്. അതുകൊണ്ടാണ് നമ്മൾ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നത്. എല്ലാവരും നൽകുന്നുണ്ട്. ഇത് ഭരണഘടന ഉറപ്പുനൽകുന്ന കാര്യമാണ്. ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

നിർദേശക തത്വങ്ങളെ (Directive Principles of State Policy) പ്രകാശമാനമാക്കാൻ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റിനും കാണാൻ കഴിയുന്ന മഹത്തായ ബില്ലിന്റെ സൂക്ഷ്മരൂപത്തെയാണ് സ്ഥൂലരൂപമാക്കി മാറ്റിയത്. ഇതിൽ എത്ര ചർച്ച ചെയ്യാമോ അത്രയും ചർച്ച ചെയ്ത് ഈ സമൂഹത്തിലെ.... കേരളത്തിൽ 19.5 ശതമാനം ആളുകളും 60 വയസ്സ് കഴിഞ്ഞവരാണ്. 2031 ആകുമ്പോൾ അത് 20.9 ശതമാനമാകും. 2011-ൽ 12.4 ശതമാനമായിരുന്നു. ഓരോ വർഷവും 4 ശതമാനം വീതം 60 വയസ്സ് കഴിഞ്ഞവരുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുകയാണ്. ഇന്ത്യയിൽ 10 കോടി 38 ലക്ഷം ആളുകൾ 60 വയസ്സ് കഴിഞ്ഞവരാണ്. സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചശേഷമാണ് പറയുന്നത്. ദേശീയ ശരാശരി കേരളത്തേക്കാൾ കുറവാണ്. കേരളത്തിലാണ് കൂടുതൽ പ്രായമായവരുള്ളത്. ആരോഗ്യവും longevity-യും വരാനുള്ള കാരണങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു. 2026-ൽ ഇന്ത്യയിൽ 22 കോടി 74 ലക്ഷം ആളുകൾ 60 വയസ്സ് കഴിഞ്ഞവരുണ്ടാകും. അതൊരു വലിയ മാനവിക പ്രക്രിയയാണ്, ആർക്കും തടയാനാകില്ല. അതിനെ നല്ലരീതിയിൽ

കൊണ്ടുപോകുകയെന്നുള്ളതാണ് നാം ചെയ്യേണ്ടത്. ചരിത്രത്തിന്റെ ചുവടുവയ്പുകൾക്കൊത്ത് വളരെ മനോഹരമായി നൃത്തമാടുന്ന ഒരു ബില്ലാണിത്. ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ സജീവമായി ചർച്ചയിൽ പങ്കെടുക്കുകയും വിലപ്പെട്ട നിർദേശങ്ങൾ നൽകുകയും ചെയ്തതിൽ ഞാൻ പ്രത്യേകമായി നന്ദി പറയുകയാണ്. ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. ജി. സുധാകരൻ എന്നിവർ ധാരാളം നിർദേശങ്ങൾ മുന്നോട്ടുവച്ചു. പ്രസ്തുത നിർദേശങ്ങൾ പരമാവധി സബ്ജക്ട് കമ്മിറ്റിയിലും മറ്റ് ഭേദഗതിയുടെ സമയത്തും സഭയിൽ കൊണ്ടുവരാൻ കഴിയും. ശ്രീ. ജി. സുധാകരൻ, ഏണസ്റ്റ് ഹെമിങ്വേയുടെ 'ദി ഓൾഡ് മാൻ ആൻഡ് ദ സീ' എന്ന പ്രസിദ്ധമായ പുസ്തകവും വില്യം ഷേക്സ്പിയറിന്റെ 'കിങ് ലയർ'-ഉം പരാമർശിച്ചതിന് ഞാൻ പ്രത്യേകമായി നന്ദി പറയുന്നു. ഈ അവസരത്തിലാണ് ഞാൻ മറ്റൊരു പുസ്തകത്തെക്കുറിച്ച്

ഓർത്തത്. രണ്ടാഴ്ച മുൻപ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാൻ രചിച്ച 'ഓർമ്മകളും യാത്രകളും' എന്ന പുസ്തകം ഞാൻ പ്രകാശനം ചെയ്തു. ആ പുസ്തകത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമുണ്ട്; കണ്ണു നനയിപ്പിക്കുന്ന ഒരു ഭാഗം. അഗതിമന്ദിരങ്ങളിൽ പോകുമ്പോൾ അവിടെ കാണുന്ന അമ്മമാരോട് സംസാരിച്ചതിന്റെ അനുഭവമാണത്. മക്കൾ അമ്മമാരെ അഗതിമന്ദിരത്തിൽ കൊണ്ടാക്കിയിരിക്കുകയാണ്. പക്ഷേ ആ അമ്മമാർ ഒരിക്കലും മക്കളെ തള്ളിപ്പറയില്ല. അവർ മക്കളെക്കുറിച്ച് മോശമായി ഒരു വാക്കുപോലും പറയില്ല, മറിച്ച് മക്കളെ പുകഴ്ത്തിയാണ് സംസാരിക്കുന്നത്. ആ മക്കൾ അമ്മമാരെ വീട്ടിൽ താമസിപ്പിക്കാതെ അഗതിമന്ദിരത്തിൽ കൊണ്ടുപോയി ആക്കിയിരിക്കുകയാണ്. തങ്ങളെ ഉപേക്ഷിച്ച മക്കളോടുള്ള സ്നേഹം കൈവിടാത്ത നിരവധി അമ്മമാരുടെ കഥകൾ ശ്രീമതി ഷാനിമോൾ ഉസ്മാന്റെ പുസ്തകത്തിലുണ്ട്. നമ്മുടെ കണ്ണു നനഞ്ഞുപോകും. കാരണം അവരുടെ സ്നേഹം അവർക്ക് നമ്മളിൽനിന്ന് മാറ്റാൻ കഴിയില്ല. നമ്മളാണ് അവരെ മറന്നുപോകുന്നത്.

രണ്ടായിരവും മൂവായിരവും കോടി രൂപയുടെ ആസ്തിയുണ്ടായിരുന്ന ഇന്ത്യയിലെ ഒരു പ്രമുഖ ടെക്സ്റ്റൈൽ ബിസിനസ്സ് കിങ് ആയിരുന്ന വിജയ്പത് സിംഘാനിയ. അദ്ദേഹത്തിന്റെ ആത്മകഥയാണ് 'An Incomplete Life'. ലോകത്ത് ഏറ്റവും കൂടുതൽ ദൂരം പറന്നിട്ടുള്ള പൈലറ്റും റെയ്മണ്ട് ഗ്രൂപ്പിന്റെ മുൻ ചെയർമാനും കൂടിയായിരുന്ന അദ്ദേഹം. അദ്ദേഹം തന്റെ ഒരു മകന് സ്വത്ത് എഴുതിക്കൊടുത്തു. ഒടുവിൽ, മുംബൈയിലെ ഏറ്റവും പ്രൈം പ്രോപ്പർട്ടിയിലെ വലിയ ആഡംബര ഫ്ലാറ്റിൽപോലും നിൽക്കാൻ കഴിയാതെ ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട്, ഒരു സിംഗിൾ ബെഡ്റൂം ഫ്ലാറ്റിൽ പോയി അദ്ദേഹത്തിന് താമസിക്കേണ്ടിവന്നതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിലുണ്ട്. ഇത്തരത്തിൽ പ്രായമുള്ളവരുടെയും ഒഴിവാക്കപ്പെട്ടവരുടെയും അഗതികളാക്കപ്പെട്ടവരുടെയും ആരോരുമില്ലാത്തവരുടെയും ധാരാളം കഥകൾ നമ്മുടെ മുമ്പിലുണ്ട്. അവരെല്ലാം ഒരുമിച്ചു കൂടിയതിന്റെ കഥകളുമുണ്ട്. ശ്രീമതി ഷാനിമോൾ ഉസ്മാന്റെ പുസ്തകത്തിൽതന്നെ സിംഗപ്പൂരിലെ ഒരു കഫറ്റേരിയയിൽ പ്രായമുള്ള എല്ലാവരുംകൂടി ഒരുമിച്ച് എല്ലാ ദിവസവും

വൈകുന്നേരം കൂടുന്നുണ്ട്. പണ്ട് ഫ്രഞ്ച് വിപ്ലവം ഉണ്ടായത് അവിടത്തെ കോഫി ക്ലബിൽ ഒന്നിച്ചുകൂടിയ ചെറുപ്പക്കാരിലൂടെയാണ് എന്ന് പറയുന്നതുപോലെ എല്ലാ ദിവസവും ഈ കഫറ്റേരിയയിൽ ഒരുമിച്ചുകൂടുന്ന പ്രായമായ ആളുകളുണ്ട്. അവർ ഓരോ സ്ഥലങ്ങൾ കണ്ടെത്തുകയാണ്. ഞാൻ വീണ്ടും ആവർത്തിച്ചു പറയുന്നു, അവർ ഒറ്റയ്ക്കല്ല എന്നും സർക്കാരും ജനപ്രതിനിധികളുമെല്ലാം അവരുടെ കൂടെയുണ്ട് എന്നൊരു ആത്മവിശ്വാസവും ധൈര്യവും അവർക്ക് പകർന്നുകൊടുക്കണം. എല്ലാവരുടെയും സഹായത്തോടെ ഈ ബിൽ പൂർണ്ണരൂപത്തിലാക്കണം. ഇവിടെ നടത്തിയ വിശദമായ ചർച്ചകൾക്കും ഇടപെടലുകൾക്കും നന്ദി പറയുന്നു.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, '2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ, Not in the Seat.

ശ്രീ. നജീബ് കാന്തപുരം, '2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണയ്ക്കയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.